# കുറ്റാന്വേഷണത്തിന്റെ പുതുവഴികൾ - 'ന്യൂറോ ഏരിയ' എന്ന നോവലിനെ മുൻനിർത്തിയുള്ള പഠനം

സെന്റ്. തെരേസാസ് കോളേജ് (സ്വയംഭരണം) മലയാളം ബിരുദാനന്തര ബിരുദത്തിന്റെ ഭാഗികപൂരണത്തിനായി സമർപ്പിക്കുന്ന പ്രബന്ധം


**അമൃത വിനോദ്**

രജിസ്റ്റർ നമ്പർ: **SM21MAL001**


**സെന്റ്. തെരേസാസ് കോളേജ് (സ്വയംഭരണം)**

**എറണാകുളം**

**2023**

# കുറ്റാന്വേഷണത്തിന്റെ പുതുവഴികൾ ‘ന്യൂറോ ഏരിയ’ എന്ന നോവലിനെ മുൻനിർത്തിയുള്ള പഠനം

സെന്റ്.തെരേസാസ് കോളേജ് (സ്വയംഭരണം) മലയാള ബിരുദാനന്തരബിരുദത്തിന്റെ ഭാഗികപൂരണത്തിനായി സമർപ്പിക്കുന്ന പ്രബന്ധം


അമൃത വിനോദ്

രജിസ്റ്റർ നമ്പർ : **SM21MAL001**



സെന്റ്. തെരേസാസ് കോളേജ് (സ്വയംഭരണം)

എറണാകുളം

2023

# പ്രതിജ്ഞാപത്രം

ഈ പ്രബന്ധം ഇതിനു മുൻപ് ഏതെങ്കിലും സർവ്വകലാശാലയുടെയോ തത്തുല്യ മായ സ്ഥാപനത്തിന്റെയോ ബിരുദത്തിന് സമർപ്പിച്ചിട്ടില്ലന്ന് സാക്ഷ്യപ്പെടുത്തുന്നു.

**അമൃത വിനോദ്**
രണ്ടാംവർഷ മലയാളം
ബിരുദാനന്തര ബിരുദം

എറണാകുളം
02-08-2023

# സാക്ഷ്യപത്രം

**ഡോ. ലില്ലി സി ഒ**

അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം
സെന്റ്. തെരേസാസ് കോളേജ്
എറണാകുളം

സെന്റ് തെരേസാസ് ഓട്ടോണമസ് കോളേജ് മലയാളം ബിരുദാനന്തര ബിരുദത്തിന്റെ ഭാഗിക പൂരണത്തിനായി അമൃത വിനോദ് സമർപ്പിക്കുന്ന 'കുറ്റാന്വേഷണത്തിന്റെ പുതുവഴികൾ ന്യൂറോ ഏരിയ എന്ന നോവലിനു മുൻനിർത്തിയുള്ള പഠനം' എന്ന പ്രബന്ധം എന്റെ ശിക്ഷണത്തിൽ തയ്യാറാക്കിയിട്ടുള്ളതാണെന്നും ഈ പ്രബന്ധം ഇതിനു മുമ്പ് ഏതെങ്കിലും ബിരുദത്തിനോ ഡിപ്ലോമയ്ക്കോ വേണ്ടി സമർപ്പിച്ചിട്ടുള്ളതല്ലെന്നും ഇതു പൂർണമായോ ഭാഗികമായോ മുൻപ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതല്ലെന്നും സാക്ഷ്യപ്പെടുത്തുന്നു.

02-08-2023

എറണാകുളം

**ഡോ. ലില്ലി സി. ഒ.**

## കൃതജ്ഞത

ഈ പ്രബന്ധരചനയ്ക്ക് വേണ്ട മാർഗനിർദ്ദേശം നൽകി എന്നെ സഹായിച്ച സെന്റ്. തെരേസാസ് കോളേജ് മലയാളവിഭാഗം അദ്ധ്യാപിക ഡോ. ലില്ലി സി.ഒ. യോടും പ്രബന്ധ രചനയ്ക്ക് ആവശ്യമായ പുസ്തകങ്ങൾ നൽകി സഹായിച്ച ലൈബ്രറിവിഭാഗം ഉദ്യോഗസ്ഥരോടും ഈ അവസരത്തിൽ നന്ദി രേഖപ്പെടുത്തുന്നു.

**അമൃത വിനോദ്**
രണ്ടാംവർഷ മലയാളം
ബിരുദാനന്തര ബിരുദം

എറണാകുളം
02-08-2023

# ഉള്ളടക്കം

**ആമുഖം** : I-III

1. പഠനലക്ഷ്യം

2. പഠനത്തിന്റെ പ്രസക്തി

3. പരികല്പന

4. പഠനമേഖല

5. പഠനരീതി

6. പ്രബന്ധസ്വരൂപം

**അധ്യായം ഒന്ന്** : 1-10

കുറ്റാന്വേഷണസാഹിത്യം

1.1 കുറ്റാന്വേഷണ ചരിത്രം

1.2 കുറ്റാന്വേഷണത്തിന്റെ സവിശേഷതകൾ

1.3 കുറ്റാന്വേഷണസാഹിത്യത്തിലെ ഘടകങ്ങൾ

1.4 കുറ്റാന്വേഷണസാഹിത്യ തരംതിരിവുകൾ

1.5 അപസർപ്പകസാഹിത്യം മലയാളത്തിൽ

1.5.1 അപസർപ്പക നോവൽ : ചരിത്രം

1.5.2 അപസർപ്പക നോവൽ : വികാസത്തിന്റെ നാൾവഴികൾ

**അദ്ധ്യായം രണ്ട്** : 11-25

'ന്യൂറോ ഏരിയ': കുറ്റാന്വേഷണ ആഖ്യാനത്തിന്റെ പുതുവഴികൾ

2.1 നോവൽ പ്രമേയം

2.2 കുറ്റാന്വേഷണ സവിശേഷതകൾ: 'ന്യൂറോ ഏരിയ'യിൽ

2.2.1 കുറ്റകൃത്യങ്ങൾ

2.2.2 കുറ്റാന്വേഷകനും കുറ്റാന്വേഷണവും

2.2.3 പരിണാമഗുപ്തി

2.2.4 കഥാമൂർദ്ധന്യം

2.3 ഭാഷ

2.4 ആഖ്യാന സവിശേഷതകൾ

**ഉപസംഹാരം** : 26-29

**ഗ്രന്ഥസൂചി** : 30

**ഓൺലൈൻ റഫറൻസ്** : 31

# ആമുഖം

# ആമുഖം

ലോകസാഹിത്യത്തിൽ വച്ചുതന്നെ, വിപുലമായ സാഹിത്യശാഖയാണ് നോവൽ. മനുഷ്യജീവിതം സമസ്ത ശക്തിചൈതന്യങ്ങളോടു കൂടി ആവിഷ്കരിക്കാൻ കഴിയുന്ന സാഹിത്യപ്രസ്ഥാനമാണത്. മലയാളസാഹിത്യത്തെ പ്രത്യേകം പരിഗണിച്ചാൽ പോലും ശ്രേഷ്ഠമായ സ്ഥാനം നോവലിനുണ്ട്.മലയാളനോവൽ ശാഖയിൽ അപസർപ്പക നോവലുകളുടെ ഒരു വേലിയേറ്റം പ്രകടമായിരുന്നു. വിവരവിനിമയ സാങ്കേതികവിദ്യയുടെ അതിപ്രസരം പ്രകടമല്ലാതിരുന്ന ഒരു കാലത്ത് മനുഷ്യസഹജമായ സാഹസിക വാസനയാൽ ആളുകൾ കുറ്റാന്വേഷണ നോവലുകളെ ചേർത്തു നിറുത്തി. വളരെ വിപുലമായ ഒരു കുറ്റാന്വേഷണ നോവൽശാഖ തന്നെ അക്കാലത്ത് മലയാള സാഹിത്യത്തിൽ രൂപപ്പെട്ടുവന്നു. ഉദ്വേഗം, പരിണാമഗുപ്തി എന്നിവയാണ് പ്രസ്തുത നോവലുകളിൽ നിറഞ്ഞുനിൽക്കുന്ന ഘടകങ്ങൾ.

ഒരു വിരൽസ്പർശംകൊണ്ട് ലോകം പോലും ഇന്ന് കൺമുന്നിൽ വ്യക്തമായി തെളിയുന്നു. വിനോദോപാധിക്കായി നിരവധി മാധ്യമങ്ങൾ, ഇന്ന് ലോകം അടക്കിവാഴുമ്പോൾ അതിനിടയിൽ പിടിച്ചുനിൽക്കാൻ അക്ഷര ലോകവും ' അപ്ഡേറ്റ് ' ചെയ്യപ്പെടുന്നുണ്ട്. ഒരു കൊലപാതകം, അല്ലെങ്കിൽ തത്തുല്യമായ ഒരു കുറ്റകൃത്യത്തിന്റെ പിന്നിലെ സാഹചര്യ തെളിവുകളുടെ അടിസ്ഥാനത്തിൽ, കുറ്റാന്വേഷണം നടത്തുക, ഒപ്പം അതിനകത്ത് തെളിഞ്ഞിരിക്കുന്ന ദുരന്തപ്രതികാരം മുതലായ പൂർവ്വകഥ കണ്ടെത്തുക എന്ന തരത്തിലെ കുറ്റാന്വേഷണകൃതികൾ ഇന്ന് അപൂർവ്വം ആണെന്ന് പറയാം. ഉദ്വേഗത്തിന്റെ തോത് വർദ്ധിപ്പിക്കാൻ പുതിയ അന്തരീക്ഷങ്ങളെ സൃഷ്ടിച്ചെടുത്തുകൊണ്ടാണ് ഇക്കാലത്ത് പ്രസിദ്ധീകരിക്കപ്പെടുന്ന ഭൂരിഭാഗം കുറ്റാന്വേഷണ നോവലുകളിലും ജനപ്രീതി നേടുന്നത്. നവയുഗത്തിന്റെ കുറ്റങ്ങളുടെ ശൈലിയിൽ പരിണാമം സംഭവിക്കുന്നതനുസരിച്ച് കുറ്റാന്വേഷണവും കൂടുതൽ സങ്കീർണത നിറഞ്ഞതായിത്തീരുന്നു. അത്തരത്തിൽ 2020- ൽ പ്രസിദ്ധീകരിക്കപ്പെട്ട കുറ്റാന്വേഷണനോവലാണ് ശിവൻ എടമനയുടെ 'ന്യൂറോ ഏരിയ'. ഉത്തരാധുനികകാലത്തെ മറ്റു കുറ്റാന്വേഷണ നോവലുകളിൽ നിന്നും ശിവൻ എടമന രചിച്ച 'ന്യൂറോ ഏരിയ' എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു എന്നു കണ്ടെത്തുക എന്നതാണ് ഈ പഠനത്തിന്റെ ലക്ഷ്യം.

## 1.പഠനലക്ഷ്യം

ഉദ്വേഗം അനുനിമിഷം വർദ്ധിപ്പിക്കുന്ന പരിണാമഗുപ്തി എന്ന ആഖ്യാനരീതിയെ പ്രയോജനപ്പെടുത്തുന്നവയാണ് കുറ്റാന്വേഷണ നോവലുകൾ. ഉത്തരാധുനി

കകാലത്തെ മറ്റു കുറ്റാന്വേഷണ നോവലുകളിൽ നിന്നും ശിവൻ എടമന രചിച്ച 'ന്യൂറോ ഏരിയ' എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു എന്നു കണ്ടെത്തുക എന്നതാണ് ഈ പഠനത്തിന്റെ ലക്ഷ്യം.

## 2.പഠനത്തിന്റെ പ്രസക്തി

ഉത്തരാധുനിക കാലത്ത് ധാരാളം കുറ്റാന്വഷണ നോവലുകൾ പ്രമേയത്തിലും ആഖ്യാനത്തിലും ഭാഷയിലും പുതുമ പുലർത്തിക്കൊണ്ട് മലയാളഭാഷയെ സമ്പന്നമാക്കിയിട്ടുണ്ട്. അത്തരത്തിൽ എഴുതപ്പെട്ട നോവൽ എന്ന നിലയിൽ 'ന്യൂറോ ഏരിയ' എത്രത്തോളം പുതുമ ഉൾക്കൊള്ളിച്ചിരിക്കുന്നു എന്ന അന്വേഷണ വിഷയമാണിത്. പ്രസ്തുത നോവലിനെ മുൻനിറുത്തി ഇപ്രകാരം ഒരു പഠനം ഇതു വരെ ഉണ്ടായിട്ടില്ല എന്നതാണ് പഠനത്തിന്റെ പ്രസക്തി.

## 3.പരികല്പന

കുറ്റാന്വേഷണസാഹിത്യത്തെ നിരീക്ഷിച്ച ശേഷം'ന്യൂറോ ഏരിയ' എന്ന കുറ്റാന്വേഷണ നോവലിനെ അപഗ്രഥിക്കുന്നതിനാൽ നോവലിന്റെ പ്രമേയം, ഭാഷ സവിശേഷതകൾ എന്നിവ മനസ്സിലാക്കുന്നതിന് പുറമെ മറ്റു കുറ്റാന്വേഷണനോവലുകളിൽനിന്നും ആഖ്യാന സംബന്ധമായി 'ന്യൂറോ ഏരിയ' എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന് നിരീക്ഷിക്കുകയും ചെയ്യുന്നു.

## 4.പഠനരീതി

കുറ്റാന്വേഷണസാഹിത്യത്തെ വിശകലനം നടത്തിയ ശേഷം കുറ്റാന്വേഷണ ആഖ്യാനത്തിൽ എന്തു പുതുമയാണ് 'ന്യൂറോ ഏരിയ' വച്ചു പുലർത്തുന്നതെന്ന് അപഗ്രഥിച്ചു പഠിക്കുന്ന രീതിയാണ് ഈ പ്രബന്ധത്തിൽ സ്വീകരിച്ചിരിക്കുന്നത്.

## 5. പ്രബന്ധസ്വരൂപം

ആമുഖവും ഉപസംഹാരവും കൂടാതെ പ്രധാനമായും രണ്ട് അദ്ധ്യായങ്ങളാണ് ഈ ലഘുപ്രബന്ധത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കുറ്റാന്വേഷണനോവലുകളെുറിച്ചുള്ള ഒരു അവലോകനം നടത്തുകയാണ് 'കുറ്റാന്വേഷണ സാഹിത്യം'എന്ന ആദ്യ അദ്ധ്യായത്തിൽ.'ന്യൂറോ ഏരിയ' എന്ന നോവലിനെകുറിച്ചും അതിലെ പ്രമേയം,ഭാഷ,ആഖ്യാന സവിശേഷതകൾ എന്നിവ വിശദമാക്കിയ ശേഷം കുറ്റാന്വേഷണ നോവൽ എന്ന നിലയിൽ പ്രസ്തുത നോവലിനെ രേഖപ്പെടുത്തുകയാണ് രണ്ടാം അദ്ധ്യായമായ 'ന്യൂറോ ഏരിയ കുറ്റാന്വേഷണആഖ്യാനത്തിന്റെ പുതുവഴികൾ'എന്നതിൽ.മറ്റു കുറ്റാന്വേഷണനോവലുകളിൽ നിന്നും എപ്രകാര

മാണ് ശിവൻ എടമന രചിച്ച 'ന്യൂറോ ഏരിയ' വ്യത്യാസപ്പെട്ടിരിക്കുന്നത് എന്നത് സംബന്ധിച്ച ധാരണ ഈ അധ്യായത്തിലൂടെ കടന്നുപോകുമ്പോൾ ലഭിക്കുന്നു. പഠനത്തിൽ കണ്ടെത്തിയ നിഗമനങ്ങൾ ക്രോഡീകരിക്കുന്നു.കൂടാതെ ഗ്രന്ഥസൂചി യും ലേഖനസൂചിയും ഉൾപ്പെടുത്തിയിരിക്കുന്നു.

## അദ്ധ്യായം ഒന്ന്

# കുറ്റാന്വേഷണസാഹിത്യം

# അദ്ധ്യായം ഒന്ന്

# കുറ്റാന്വേഷണസാഹിത്യം

മനുഷ്യമനസ്സുകളുടെ സ്വാഭാവിക വാസനകളെ പോഷിപ്പിക്കുക എന്ന ദൗത്യമാണ് ഏതൊരു സാഹിത്യ ശാഖയുടെയും പരമപ്രധാനമായ ധർമ്മം. അത്തരത്തിൽ മനുഷ്യമനസ്സുകളിൽ വികാരം ഉത്തേജിപ്പിക്കുന്നതും,പണ്ഡിതപാമര വ്യത്യാസം ഇല്ലാതെ,ഏവരും ഇഷ്ടപ്പെടുന്ന വിഷയമാണ് അപസർപ്പകസാഹിത്യം അഥവാ കുറ്റാന്വേഷണസാഹിത്യം എന്നത്. ഒരു കുറ്റകൃത്യം തെളിയിക്കാൻ ബുദ്ധിമുട്ട് നേരിടുന്ന അവസരത്തിൽ, കുറ്റംതെളിയിക്കാനും അതിന്റെ ഉത്തരവാദിയെ കണ്ടെത്തി അതിന് പിന്നിലുള്ള നിഗൂഢതയെ വെളിപ്പെടുത്തുവാനും കുറ്റാന്വേഷകൻ എന്നൊ രാൾ അഥവാ കഥാപാത്രം രംഗത്തെത്തുന്നു. ശ്രമകരവും സങ്കീർണവുമായ കുറ്റാന്വേഷണ പരമ്പരകളിലൂടെ വായനക്കാരനെ ആകാംക്ഷയുടെ മുൾമുനയിൽ എത്തിക്കാനും,പുസ്തകം ഒറ്റയിരുപ്പിൽ തന്നെ വായിച്ചു തീർക്കാനുള്ള ത്വര വായനക്കാരനിൽ ജനിപ്പിക്കുകയും ചെയ്യുന്നു. കുറ്റാന്വേഷണം സംബന്ധിച്ച സാഹിത്യരൂപങ്ങളുടെ ഘടന ഇപ്രകാരമാണെന്ന് സാമാന്യമായി പറയാം.സാഹിത്യം ഗദ്യരൂപത്തിലോ പദ്യരൂപത്തിലോ ആകാം. വ്യാകരണം നിഷ്കർഷിച്ചു കൊണ്ട് പ്രത്യേകിച്ച് ഘടനാപരമായ ഒരു നിർബന്ധവുമില്ലാതെ എഴുതുന്ന കൃതികളാണ് ഗദ്യമെന്ന് പരക്കെ അറിയപ്പെടുന്നത്. കഥാകഥനരീതിയിൽ എഴുതിയട്ടുള്ള ഗദ്യത്തെയാണ് പൊതുവിൽ ഫിക്ഷൻ എന്നു പറയുന്നത്. ഈ ഇനത്തിൽപ്പെട്ടതാണ് നോവൽ, ചെറുകഥ,നോവലെറ്റ് മുതലായവ.

## 1.1 കുറ്റാന്വേഷണചരിത്രം

കുറ്റാന്വേഷണത്തിന്റെ ചരിത്രം വളരെ സങ്കീർണ്ണമാണ്. അതു യുഗങ്ങളിലൂടെയും പല വ്യക്തികളിലൂടെയും പല സംഭവങ്ങളിലൂടെയും രൂപപ്പെട്ടുവന്നതാകുന്നു.മനുഷ്യന്റെ സ്വഭാവത്തെ മനനം ചെയ്ത്തു പഠനം നടത്തിയ മനശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തിൽ മനുഷ്യനിൽ കുറ്റം ചെയ്യാനുള്ള വാസന ജന്മസിദ്ധമാണെന്നാണ്.ദൈവത്തോട് ചെയ്ത കുറ്റത്തിന്റെ കഥ മനുഷ്യോൽപ്പത്തിയിൽ പോലും കാണാൻ സാദ്ധ്യമാണ്. കുറ്റവും അത് നിർവ്വഹിക്കുന്നതിൽ സമൂഹവും എത്രത്തോളം ബന്ധപ്പെട്ടു കിടക്കുന്നുവെന്നു മനസ്സിലാക്കാൻ കുറ്റവാളിയുടെ അടിമനസ്സിലേക്ക് ആഴ്ന്നു ചെല്ലേണ്ടിയിരിക്കുന്നു.അനുഭവം,പരിസരം,മനോനില എന്നിവ തമ്മിൽ യോജിക്കപ്പെടുമ്പോഴാണ് കുറ്റവാളി സൃഷ്ടിക്കപ്പെടുന്നത്. ഇവയിൽ

ആദ്യ രണ്ട് ഘടകങ്ങൾ രൂപപ്പെടുന്നതിൽ സമൂഹം ചെറുതല്ലാത്തൊരു പങ്ക് വഹിക്കുന്നുണ്ട്. ഒരു വ്യക്തിയുടെ പെരുമാറ്റം എന്നത് സാമൂഹിക തലത്തിൽ നിയന്ത്രിക്കപ്പെടുന്നത് ഒരു വ്യക്തിയുടെ പെരുമാറ്റം എന്നത് സാമൂഹിക തലത്തിൽ നിയന്ത്രിക്കപ്പെടുന്നത് പ്രധാനമായും നാല് ഘടകങ്ങളിലൂടെയാണ്.സംസ്ക്കാരം, അധികാരം, ധനം, നിയമം എന്നിവയാണവ. ഈ നാലു ഘടകങ്ങളിൽ ഏതെങ്കിലും ഒന്നിനോട് വ്യക്തിയുടെ മനസ്സിൽ ഉയിർക്കൊള്ളുന്ന മോഹങ്ങൾ പൊരുത്തപ്പെടാതെ വരുമ്പോൾ അത് കുറ്റകൃത്യമായി പരിഗണിക്കപ്പെടുന്നു.എക്കാലത്തും സമൂഹം ഉയർത്തി പിടിച്ച തത്വം,കുറ്റംചെയ്യുന്ന വ്യക്തി അതിന് പ്രായശ്ചിത്തം ചെയ്യണം അല്ലെങ്കിൽ ശിക്ഷ അനുഭവിക്കണം എന്നതാണ്.കുറ്റവാളിയെ ശിക്ഷിക്കാനുള്ള ചുമതല സമൂഹത്തിൽ നിഷിപ്തമായതോടുകൂടി കുറ്റവാളികളെ അന്വേഷിച്ചു കണ്ടെത്തേണ്ടതായ സംവിധാനം കൂടി നിലവിൽ വന്നു. ഈ ആശയത്തിൽ നിന്നും രൂപപ്പെട്ടുവന്നതാണ് അന്വേഷകൻ അല്ലെങ്കിൽ അപസർപ്പകൻ എന്നത്. പുരാണ കഥാപരിസരങ്ങളിലും അപസർപ്പകരെ കാണാൻകഴിയും.രാമായണത്തിലെ ദുർമുഖനും,മൃച്ഛഘടികത്തിലെ രാജദൂതനും, മഹാഭാരതത്തിലെ ഗംഗാദത്തനും ആദ്യകാലത്തെ അപസർപ്പകരായിരുന്നുവെന്നു പറയാം.

ഇംഗ്ലീഷ് ഭാഷയിൽ നിന്നായിരുന്നു അപസർപ്പകസാഹിത്യത്തിന്റെ ആരംഭം. ഷേക്സ്പിയറുടെ ഹാംലറ്റ്,ഒഥെല്ലോ മുതലായ ഭൂരിഭാഗം കൃതികളിലും കുറ്റകൃത്യത്തെ പ്രതിപാദിക്കുന്നതാണ്.അതിൽ പലതും ദുരന്തപ്രതികാരകഥകളാണ്. അപസർപ്പകകഥകളുടെ ഉറവിടം അന്വേഷിക്കുന്ന ഒരാൾക്ക് സോഫോക്ലീസ് എഴുതിയ ഈഡിപ്പസ് രാജാവിന്റെ കഥ വിസ്മരിക്കുക സാദ്ധ്യമല്ല. ആയിരത്തി എണ്ണൂറ്റിനാൽപ്പത്തിരണ്ടിലാണ് പ്രത്യേക ഡിപ്പാർട്ടുമെന്റുകൾ പോലീസിൽ നിലവിൽ വന്നത്.ബ്രിട്ടനിൽ ഇതോടുകൂടിയാണ് ക്രൈം എഴുത്തുകാരുടെ ഊഴം തുടങ്ങുന്നത്. ആയിരത്തി എണ്ണൂറ്റി എഴുപത്തിമൂന്ന് ആയപ്പോൾ കുറ്റവാളികളെ വീരപരിവേഷം നൽകുന്ന പ്രക്രിയയ്ക്ക് മാറ്റം സംഭവിച്ചു.ആ വർഷമാണ് ലണ്ടനിൽ 'ന്യൂഗേറ്റ് കലണ്ടർ' എന്ന പേരിൽ യാഥാർത്ഥ്യമായി നടന്ന സംഭവങ്ങളെ ആധാരമാക്കിയുള്ള കുറ്റാന്വേഷണ കഥകൾ പ്രസിദ്ധീകരിക്കാൻ ആരംഭിച്ചത്. ഷെയ്സ്പിയറുടെ ഹാംലറ്റ്, ജലിയസ് സീസർ,മാക്ബത്ത്,ഒഥല്ലോ മുതലായ നാടകങ്ങൾ പ്രതികാര ദുരന്തകഥകളാണ്. ഇതിൽ എല്ലാംതന്നെ പാതകം മുഖ്യഘടകമാണ്. പ്രതികാര ദുരന്തകഥകളിൽ നിന്നു രൂപപ്പെട്ടതാണ് 'ഗോത്തിക്കഥകളെ'ന്ന് പരക്കെ വിശ്വസിക്കപ്പെടുന്നു. ഒരു പ്രത്യേക ജനുസ്സിൽ ഉൾപ്പെട്ടതാണ് ഗോത്തിക്കഥകൾ.ഭീകരതയും കാൽപ്പനികതയും ഒന്നിച്ചു ചേരുന്നതരം കഥകളാണിവ. ബ്രാംസ്റ്റോക്കറുടെ 'ഡ്രാക്കുള', ഹോറെസ് വാൽപോളിയുടെ 'ദകാസിൽ ഓഫ് ട്രൊൻഡോ' ഇവയെല്ലാം ഈ കൂട്ടത്തിലെ

കൃതികളാണ്. ഗോത്തിക് നോവലുകളുടെ പൊതുസ്വഭാവം ഒരു രഹസ്യമുണ്ടാകും എന്നതാണ്. അത് കണ്ടുപിടിക്കുന്നതിലെ പരിണാമഗുപ്തിയും അവസാനം ദുഷ്ട കഥാപാത്രത്തെ കീഴ്പ്പെടുത്തുകയും ചെയ്യുന്നു. ഈ ഘടകങ്ങളാണ് അപസർപ്പക സാഹിത്യത്തിനുപിൽക്കാലത്ത് വഴിതെളിച്ചത്.

## 1.2 കുറ്റാന്വേഷണത്തിന്റെ സവിശേഷതകൾ

നടന്നു കഴിഞ്ഞ ഒരു കുറ്റത്തിന്റെ ഉത്തരവാദിയെ കണ്ടെത്താൻ ഒരു മാർ ഗ്ഗവുമില്ലാതെ വരുന്ന അവസരത്തിൽ, കുറ്റകൃത്യത്തിൽ ഒളിഞ്ഞിരിക്കുന്ന നിഗൂഢ തയെ കണ്ടെത്താൻ അല്ലെങ്കിൽ അന്വേഷിക്കാൻ ഒരാൾ ഉണ്ടാകുന്നു. അയാൾ അ വസാനം വരെ നിഗൂഢത നിലനിർത്തിക്കൊണ്ടു തന്നെ യഥാർത്ഥ കുറ്റവാളിയെ കണ്ടെത്തുന്നിടത്ത് കഥ അവസാനിക്കുന്നു.ഈ കുറ്റാന്വേഷകൻ ഒരുപക്ഷെ ഒരു പോലീസുകാരനാകാം, കഥാനായകനാകാം, അല്ലെങ്കിൽ ഏതെങ്കിലുമൊരു കഥാപാ ത്രവുമാകാം. അത് സ്ത്രീയോ പുരുഷനോ ആയിരിക്കാം. കുറ്റാന്വേഷണസാഹിത്യ ത്തിൽ കഥപറയുന്ന രീതിയിലും വ്യത്യസ്തത കാണുവാൻ സാദ്ധ്യമാണ്. ഒരു പ്രൊഫഷണൽ പ്രൈവറ്റ് ഡിക്ടറ്റീവും അദ്ദേഹത്തിന്റെ കൂട്ടുകാരനും ചേർന്നാകാം അന്വേഷണം. വായനക്കാരന്റെ എല്ലാ സംശയങ്ങൾക്കും നിവൃത്തി വരുത്തി കഥ പറയുന്ന തരത്തിലായിരിക്കാം. ഷെർലക് ഹോംസിന്റെ സ്രഷ്ടാവായ കോണാ ൻഡോയുടെ ഈ രീതിയാണ് ഭൂരിഭാഗം അപസർപ്പക സാഹിത്യ വിഭാഗങ്ങളും പിന്തുടരുന്നത്.പൊതുവെ ഡിക്ടറ്റീവ് കഥകളിൽ അല്ലെങ്കിൽ നോവലിൽ, അന്ത്യത്തി ലാണ് കുറ്റവാളി മറനീക്കി പുറത്തു വരുന്നത്.എന്നാൽ കുറ്റവാളിയെ ആദ്യം തന്നെ വെളിപ്പെടുത്തുന്ന 'ഇവെർട്ടഡ് ഡിക്ടറ്റീവ് 'രീതിക്കും ആരാധകർ ഏറെയാണ്.

## 1.3 കുറ്റാന്വേഷണസാഹിത്യത്തിലെ ഘടകങ്ങൾ

അപസർപ്പക സംബന്ധിയായ സാഹിത്യകൃതികളിൽ നിർബന്ധമായും കണ്ടി രിക്കേണ്ട ഘടകങ്ങൾ പൊതുവിൽ നിഷ്കർഷിക്കപ്പെട്ടിരിക്കുന്നു. അതിൽ ആദ്യത്തേത് കഥയിൽ ഒരു കുറ്റകൃത്യം ഉണ്ടായിരിക്കണം എന്നതാണ്.അടുത്ത പ്രധാ നഘടകം ഒരു കുറ്റാന്വേഷകൻ ഉണ്ടായിരിക്കുക എന്നതുമാകുന്നു. കുറ്റാന്വേഷകൻ അമേച്വറോ അല്ലെങ്കിൽ പ്രൊഫഷണലോ ആവാം.ആയിരത്തിത്തൊള്ളായിരത്തി ഇരുപത്തിയെട്ടിൽ മോൺസിഞ്ഞോർ റൊണാൾഡ് നോക്സ്, ഡിക്ടറ്റീവ് കഥകൾ എഴുതുമ്പോൾ അതിൽ പത്തു ഘടകങ്ങൾ ഉൾച്ചേർന്നിരിക്കണം എന്നഭിപ്രാ യപ്പെട്ടു.[1]

ഒന്ന്, കുറ്റവാളിയെ ആദ്യം തന്നെ പറയണം.രണ്ട്,അമാനുഷിക പ്രഭാവങ്ങൾ പാടില്ല. മൂന്നാമതായി, കുറ്റാന്വേഷകൻ ആയിരിക്കരുത് കുറ്റം ചെയ്തത്. നാല്, ആകസ്മികത ഒരിക്കലും കുറ്റാന്വേഷകന്റെ സഹായത്തിനെത്തരുത്. അഞ്ചാമതായി, കുറ്റാന്വേഷകനൊരിക്കലും വെളിപാട് ഉണ്ടാകാൻ പാടുള്ളതല്ല.അദ്ദേഹത്തിന്റെ നിഗമനങ്ങൾ യുക്തിക്കു ചേർന്നതായിരിക്കണം. ഏഴാമതായി, ഇതിവൃത്തം എന്നത് വായനക്കാരനെ തൃപ്തിപ്പെടുത്തുന്നതായിരിക്കണം, എട്ട്, ഡിക്ടറ്റീവ് സ്ത്രീലമ്പടനായിരിക്കരുത്. ഒൻപതാമതായി പറയുന്നത്, സാഹിത്യശാഖ ഏതാണോ (കഥ, നോവൽ) അതിനു ആദിമധ്യാന്തങ്ങൾ കൃത്യമായി ഉണ്ടായിരിക്കണം എന്നതാണ്. കുറ്റാന്വേഷകൻ കഴിവതും നിയമ വ്യവസ്ഥയ്ക്ക് വിധേയനായിരിക്കണം എന്നതാണ്, പത്തു ഘടകങ്ങളിൽ ഉൾച്ചേർന്നിരിക്കുന്ന അവസാനത്തേത്.

വടക്കേ ഇന്ത്യയിൽ പത്തൊൻപതാം നൂറ്റാണ്ടിൽ ഡിക്ടറ്റീവ് കഥകളെകുറിച്ച് പഠനം നടത്തിയ ഡോ. ഫ്രാൻസിസ്കാ ഓർസിനിയുടെ അഭിപ്രായത്തിൽ ഇതിവൃത്തം,പരിണാമഗുപ്തി, സമസ്യ, നിയന്ത്രിത വിവരവിവേചനം, എന്നീ നാലു ഘടകങ്ങൾ ആവശ്യമാണെന്ന് സമർത്ഥിക്കപെട്ടിരിക്കുന്നു.ഇപ്രകാരം ധാരാളം അഭിപ്രായങ്ങൾ പറയപ്പെട്ടിട്ടുണ്ടെങ്കിലും പൊതുവിൽ അപസർപക സാഹിത്യ ശാഖയിൽ വേണ്ട ഘടകങ്ങളെ കുറിച്ച് സാമാന്യമായി ചിന്തിക്കുമ്പോൾ അതിൽ ഒരു പാതകം ഉണ്ടായിരിക്കേണ്ടത് ആവശ്യമാണെന്ന് മനസ്സിലാക്കാം.രണ്ടാമതായി ഒരു അപസർപ്പകൻ വേണം.അയാൾ ഓരോ തെളിവും കൃത്യമായി കണ്ടെത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ശരിയായ തീരുമാനത്തിലെത്തി കുറ്റവാളിയെ കണ്ടെത്തുകയും ആണ് ചെയ്യേണ്ടത്.

അപസർപ്പകനോവലിനെ സംബന്ധിച്ച് നോക്കിയാൽ അതിൽ കാതലായ ഒരു രഹസ്യം കാണും. ഒന്നുകിൽ അത് ആരാണ് പ്രതി എന്നുള്ളതാകാം. അല്ലെങ്കിൽ പ്രതിയെ എപ്രകാരമാണ് കണ്ടെത്തുന്നത് എന്നായിരിക്കാം. ഇത്തരത്തിൽ ഒരു പസിൽ അഥവാ രഹസ്യം ഉണ്ടെങ്കിൽ മാത്രമേ വായനക്കാരന്റെ ആകാംക്ഷയെ നിലനിർത്താൻ അപസർപ്പകകൃതിക്ക് സാധ്യമാകുകയുള്ളൂ.എന്താണ് സംഭവിക്കാൻ പോകുന്നത് എന്ന സൂചന പോലും വായനക്കാരനു നൽകാതെ ആഖ്യാനം നടത്തുന്നതിനെയാണ് പരിണാമഗുപ്തി എന്ന് പറയുന്നത്. പരിണാമഗുപ്തി അപസർപ്പകകൃതികൾക്ക് ഏറെ അത്യന്താപേക്ഷികമായ ഒരു ഘടകമാകുന്നു.നോവലുകളിൽ സാധാരണയുണ്ടാകുന്ന ആദിമധ്യാന്തങ്ങൾ ഉണ്ടായിരിക്കുന്നതു ഉചിതമാണ്. പാത്രഗുപ്തിയും പരിണാമഗുപ്തിയും ഒക്കെ നിലനിർത്തിക്കൊണ്ട് ഒരു കഥാമൂർധന്യം ഉണ്ടാകണം. ക്ലൈമാക്സ് എന്ന് ഇംഗ്ലീഷിൽ പറയപ്പെടുന്ന ഈ മൂർധന്യ സമയത്താണ് കഥാകൃത്ത് എല്ലാ രഹസ്യവും വെളിച്ചത്തു കൊണ്ടുവരുന്നത്.

## 1.4 കുറ്റാന്വേഷണസാഹിത്യ തരംതിരിവുകൾ

അപസർപ്പക സാഹിത്യത്തിൽ രണ്ട് തരംതിരിവുകൾ പൊതുവിൽ കാണാം. ഒന്ന്, കുറ്റവാളിയെ ആദ്യത്തിൽ വെളിപ്പെടുത്തുന്നില്ല.രണ്ടാമതായി, ആദ്യം തന്നെ കുറ്റവാളി ആരെന്നു വെളിപ്പെടുത്തുന്നു. കഥപറയുന്ന രീതിയിലും വ്യത്യാസം കാണാൻ സാധ്യമാണ്. അപസർപ്പകൻ തന്റെ കൂട്ടുകാരനെ കൊണ്ട് കഥപറയിപ്പിക്കുന്ന രീതിയാണ് പൊതുവേ ഉള്ളത്. ഈ രീതി ആദ്യം പരീക്ഷിച്ചു നോക്കിയത് എഡ്ഗ്വർ അലൻപോയാണ്. അപസർപ്പകനായ ഡ്യൂപ്പിൻ കൂട്ടുകാരനായ ഗ്രന്ഥകർത്താവിനെ കൊണ്ട്കഥ പറയിപ്പിക്കുന്നു.മറ്റൊരു ശൈലി ഉംബർട്ടോ ഇക്കോ അവതരിപ്പിക്കുന്നുണ്ട്. നായകൻ കഥ തുടങ്ങുന്നത് ഒരു പഴയ പുസ്തകം കാണുമ്പോഴാണ്. അതിൽ പണ്ടെങ്ങോ നടന്ന ഒരു സംഭവം വിശദമാക്കുന്നു. പാതക കഥ തുടങ്ങുന്നത് ഒരു പുസ്തകത്തിൽ നിന്നാണ്. ആ പുസ്തകത്തിൽ മരണവും കൊലപാതകവും എല്ലാം ഉൾക്കൊള്ളുന്നു.മറ്റൊരു രീതി വിൽക്കി കോളിൻസ് ചെയ്ത പോലെ ഓരോ കഥാപാത്രത്തെയും കൊണ്ട് അവരവരുടെ ഭാഗം പറയിപ്പിക്കുക എന്നതാണ്.

ക്രിമിനൽ കേസുകളെ അന്വേഷിക്കാൻ ഒരു സർക്കാരും പ്രൈവറ്റ് ഡിക്ടറ്റീവുകളെ ഏൽപ്പിക്കാറില്ല.ഇന്ത്യ ഉൾപ്പെടുന്ന രാജ്യങ്ങളിൽ പ്രൈവറ്റ് ഡിറ്റക്റ്റീവുകൾ ചെയ്യുന്നത്,ക്രിമിനൽ കേസുകൾ ഒഴിച്ചു കൊണ്ടുള്ള സംഭവങ്ങളുടെ അന്വേഷണമാണ്.നോവൽ മുതലായ അപസർപ്പകസാഹിത്യത്തിൽ പ്രൈവറ്റ് ഡിക്ടറ്റീവുകളുടെ വീരകഥകൾ ആണ് പറയുന്നത്.ഇവയെല്ലാം സാങ്കല്പികസൃഷ്ടികൾ ആണെങ്കിലും പലരും അവർ ജീവിച്ചിരുന്നതായി കണക്കാക്കുന്നുണ്ട് എന്നതാണ് സത്യം. ഷെർലക് ഹോംസ് മുതലായ കഥാപാത്രങ്ങൾക്ക് ഇന്നും ആരാധകർ ഉണ്ടായിരിക്കാൻ കാരണം അതാണ്.

മനുഷ്യന്റെ മനസ്സിൽ ചിലവേളകളിലെങ്കിലും ഒരു പാതകം കുടികൊള്ളുന്നുണ്ട്. ആദി മനുഷ്യരായ ആദവും ഹവ്വയും പാപത്തിന്റെ കറ പേറിയവരാണ്. ചില പ്രത്യേക മാനസികാവസ്ഥകൾ നമ്മെ ഒരുപക്ഷേ കൊലപാതകികൾ ആക്കി തീർക്കാം. കൊലപാതകം ചെയ്യുന്നവരുടെ ചരിത്രം പരിശോധിച്ചാൽ ഒരു കാര്യം വ്യക്തമാക്കാം, അവരൊക്കെ പലപ്പോഴും അപ്രകാരമായി തീരുന്നത് അനുകൂല പരിതസ്ഥിതിയിലൂടെ കടന്നു വരുമ്പോൾ ആണ്.അതിന്റെ പ്രതിഫലനമാണ് അപസർപ്പക വിഷയ സംബന്ധിയായ കഥ,നോവൽ മുതലായ സാഹിത്യ ശാഖകൾ. സ്വാഭാവികമായും എല്ലാവരും അവനവന്റെ പ്രതിരൂപം അതിൽ കാണുന്നു.അതിനാൽ

തന്നെ അതിനോട് കൂടുതൽ ആഭിമുഖ്യം വരുന്നു.ഏത് ജനതയുടെ കാര്യത്തിലാ യാലും ഇതുതന്നെയാണ് സംഭവിക്കുന്നത്.

## 1.5 അപസർപ്പകസാഹിത്യം മലയാളത്തിൽ

ലോകസാഹിത്യത്തിന്റെ ചുവടുപിടിച്ചു കൊണ്ടാണ് മലയാളത്തിൽ അപ സർപ്പകസാഹിത്യം പിറവിയെടുത്തത്. മനുഷ്യന്റെ ഉള്ളിൽ അധിവസിക്കുന്ന ആകാം ക്ഷയുടെയും എന്തും അറിയാനുള്ള താല്പര്യത്തിന്റെയും ആകെ തുകയായിരുന്നു 'ക്രൈം ഫിഷൻ' എന്ന സാഹിത്യത്തെ പരുവപ്പെടുത്തിയത്.ലളിതമായ ഭാഷയും, ഒപ്പംകുറ്റാന്വേഷണത്തിന്റെ യുക്തിയിൽ ഊന്നിയ കഥാസന്ദർഭങ്ങളും കുറ്റാന്വേഷണ സാഹിത്യത്തിന്റെ ഭൂമികയാണ്.ഭാവനയുടെ കടിഞ്ഞാൺ വലി ച്ചുകൊണ്ട് ഉദ്യോഗത്തിന്റെ തേരിൽ ഏറിയ ലോകജനത കുറ്റാന്വേഷണ സാഹി ത്യത്തെ ജനപ്രിയ സാഹിത്യമാക്കി മാറ്റി.അതിന്റെ അലകൾ മലയാള സാഹിത്യത്തി ലും പ്രതിധ്വനിക്കുകയുണ്ടായി.

മലയാളത്തിലെ ആദ്യകാല കഥകളിൽ ചിലത് അപസർപ്പക സ്വഭാവത്തെ വെച്ചുപുലർത്തുന്നവയായിരുന്നു. 'മേനോക്കിയെ കൊന്നതാര് '(വേങ്ങയിൽ കു ഞ്ഞിരാമൻ നായനാർ), 'സത്യം തെളിഞ്ഞു', (ഒടുവിൽ കുഞ്ഞികൃഷ്ണ മേനോൻ ),' കണ്ണിപറമ്പിലെ കൊലപാതകം' (എം ആർ കെ സി) തുടങ്ങിയവ ആ നീണ്ടനിരയിലെ ഏതാനും ചെറിയ കണ്ണികൾ മാത്രം.ആദ്യ കഥയായ വാസനാവികൃതിയിൽ പോലും കുറ്റാന്വേഷണം കാണാൻ സാധ്യമാണ്.

### 1.5.1 അപസർപ്പക നോവൽ : ചരിത്രം

മലയാള നോവൽ ചരിത്രത്തിൽ അപസർപ്പകസാഹിത്യത്തിന്റെ തുടക്കം കു റിച്ചത് അപ്പൻ തമ്പുരാന്റെ 'ഭാസ്കരമേനോനി'ൽ നിന്നാണ് (1905). എന്നാൽ അപ സർപ്പകസാഹിത്യത്തെ കുറിച്ച് പഠിച്ച പണ്ഡിതർ,അപ്പു നെടുങ്ങാടിയുടെ'കുന്ദലത '(1887) ആണ് ആ ഗണത്തിൽ ചേർക്കാൻ കഴിയുന്ന ആദ്യ നോവലെന്ന് പ്രസ്താവി ക്കുന്നു.[2] ചില ഘടകങ്ങളിൽ അപസർപ്പകസ്വഭാവം പുലർത്തപ്പെടുന്നു എന്നതില പ്പുറം കുന്ദലതയ്ക്ക് ആദ്യ അപസർപ്പകനോവൽ എന്നുള്ള സ്ഥാനം അത്രകണ്ട് യോജിക്കപ്പെടുകയില്ല എന്നാണ് ഭൂരിപക്ഷ പണ്ഡിതാഭിപ്രായം.

ഇവയിൽ നിന്നും തീർത്തും വ്യത്യസ്തമായി എരുമേലി,'മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ'എന്ന തന്റെ സാഹിത്യചരിത്രത്തിൽ,മൂർക്കോത്ത് കുമാരന്റെ ' കനകം മൂലം'(1905) ആണ് മലയാളത്തിലെ ആദ്യത്തെ കുറ്റാന്വേഷണ നോവൽ

എന്ന് അഭിപ്രായപ്പെട്ടിരിക്കുന്നു (മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ:പ്രൊഫ. എരുമേലിപരമേശ്വരൻപിള്ള, കറന്റ്ബുക്സ്,ഒക്ടോബർ 2021:460) തരവത്ത് അമ്മാളു അമ്മയിലൂടെ ആണ് മലയാളത്തിലെ ആദ്യ സ്ത്രീ കുറ്റാന്വേഷക ഉണരുന്നത്. 1914ൽ 'കമലാഭായി അഥവാ ലക്ഷ്മിവിലാസത്തിലെ കൊലപാതകം'എന്ന കൃതിയാണ് മലയാളത്തിൽ, ഒരു സ്ത്രീ രചിച്ച ആദ്യത്തെകുറ്റാന്വേഷണ നോവൽ. ഒ.എം ചെറിയാൻ, എം.ആർ മാധവവാര്യർ, എം.ആർ വേലുപ്പിള്ള ശാസ്ത്രി, കാരാട്ട് അച്യുതമേനോൻ, സി. മാധവൻ പിള്ള, അനുജൻ തിരുവാങ്കുളം, കെ.എ ദാമോദരൻ തുടങ്ങിയവർ പിൽക്കാല കുറ്റാന്വേഷണസാഹിത്യത്തെ പാകപ്പെടുത്തി വായനക്കാർക്ക് മുന്നിൽ അവതരിപ്പിച്ചു.

### 1.5.2 അപസർപകനോവൽ : വികാസത്തിന്റെ നാൾവഴികൾ

1960നു ശേഷമുള്ള കാലഘട്ടമാണ് മലയാള കുറ്റാന്വേഷണ സാഹിത്യത്തിന്റെ സുവർണ്ണകാലഘട്ടം.കോട്ടയം പുഷ്പനാഥ്, തോമസ്.ടി.അമ്പാട്ട്,ബാറ്റൺബോസ്, വേളൂർ വി.കെ രാമചന്ദ്രൻ, മായാദാസൻ തുടങ്ങിയ പ്രതിഭാധനരായ നിരവധി എഴുത്തുകാർ ഈ കാലഘട്ടത്തിൽ കുറ്റാന്വേഷണസാഹിത്യത്തിന്റെ ഭാഗ്യജാതകം കുറിക്കുകയുണ്ടായി. ഇക്കൂട്ടത്തിൽ എടുത്തു പറയേണ്ട ഒരു എഴുത്തുകാരനാണ് കോട്ടയം പുഷ്പനാഥ്. ജനപ്രിയസാഹിത്യത്തിലെ ജനപ്രിയത നിറഞ്ഞ എഴുത്തുകാരനായിരുന്നു അദ്ദേഹം. മറ്റുള്ള എഴുത്തുകാരിൽ നിന്ന് വ്യത്യസ്തമായി, പ്രധാനപ്പെട്ട രണ്ട് കുറ്റാന്വേഷക കഥാപാത്രങ്ങളെ അദ്ദേഹം സൃഷ്ടിച്ചു.ഡിക്ടറ്റീവ് പുഷ്പരാജും, ഡിക്ടറ്റീവ് മാർക്സിനും, സ്വദേശത്തെ കേസുകൾ പുഷ്പരാജും വിദേശത്തെ കേസുകൾ മാർക്സിനും അന്വേഷിച്ചു.താൻ സന്ദർശിക്കുക പോലും ചെയ്യാത്ത ധാരാളം വിദേശരാജ്യങ്ങൾ അദ്ദേഹം നോവലുകളിൽ പശ്ചാത്തലമാക്കി .ഡിക്ടറ്റീവ് നോവലുകൾക്ക് പുറമേ ഡ്രാക്കുള പ്രധാന കഥാപാത്രമായി എത്തുന്ന നിരവധി ഹൊറർ നോവലുകളും പുഷ്പനാഥ് രചിക്കുകയുണ്ടായി[3] ( ഉദാഹരണം: ഡ്രാക്കുളയുടെ മകൾ, ഡ്രാക്കുളയുടെ അങ്കി, ഡ്രാക്കുളയുടെ നിഴൽ,ഡ്രാക്കുള ഏഷ്യയിൽ, ഡ്രാക്കുള ഉണരുന്നു ). ഒരു കാലഘട്ടത്തിലെ വായനാസമൂഹത്തെ മുഴുവനും ഭീതിയിലാഴ്ത്തിയ രചനകൾ ആയിരുന്നു പുഷ്പനാഥിന്റേത്.

നിരവധി വായനക്കാർ ഉണ്ടായിരുന്നിട്ടും മലയാള മുഖ്യധാരാ സാഹിത്യത്തിന്റെ മുൻപന്തിയിൽ പ്രവേശിക്കാൻ എന്തുകൊണ്ടോ കുറ്റാന്വേഷണ കൃതികൾക്ക് കഴിഞ്ഞില്ല.പൈങ്കിളി നോവലുകൾ,യക്ഷി കഥകൾ എന്നിങ്ങനെയുള്ള വിളിപ്പേരുകൾ കുറ്റാന്വേഷണ കൃതികൾക്കുമേൽ ചാർത്തപ്പെട്ടു.നോവലിലെ യുക്തി ഇല്ലായ്മ ചോദ്യം ചെയ്യുകയും ഒപ്പം ലളിതവും വിമർശനാത്മകവുമായ ഭാഷാ

ശൈലിയെ പരിഹസിക്കുകയും ചെയ്തു.അവയ്ക്ക് അയിത്തം കൽപ്പിച്ചിരുന്ന കാലഘട്ടം ആയിരുന്നു തൊണ്ണൂറുകൾക്ക് മുൻപ്.സാഹിത്യ ലോകത്തെ വീർപ്പുമുട്ടലിൽ, പിടച്ചിൽ അനുഭവിച്ചിരുന്ന കുറ്റാന്വേഷണ സാഹിത്യത്തിന്റെ രണ്ടാം ജന്മമെന്ന് രണ്ടായിരത്തിന് ഇപ്പുറമുള്ള കാലത്തെ വിശേഷിപ്പിക്കാം.

പ്രമേയത്തിലും ആഖ്യാനരീതിയിലും പുതുമ നിലനിർത്താൻ കഴിയുന്ന കുറ്റാന്വേഷണകൃതികൾ മലയാളത്തിൽ ഉണ്ടാവാൻ തുടങ്ങി.പുതുതലമുറയിലെ വായനക്കാർക്കും പ്രസ്തുത നോവലുകളിൽ പ്രിയം ഏറി വന്നു.അപസർപ്പകസാഹിത്യം കൂടുതലായി വായിക്കപ്പെടുന്നതിന് കാരണം അത് ഉദ്വേഗം ഉണ്ടാക്കുന്നതിനാലാണ് എന്നാണ് പൊതുവിലുള്ളഅഭിപ്രായം.ഉദ്വേഗം എന്ന അനിവാര്യഘടകത്തെ നിർമ്മിക്കുകയും നോവലിലുടനീളം അത് നിലനിർത്തുകയും പരിണാമഗുപ്തിയുടെ അവസാനത്തിൽ എത്തിക്കുകയും ചെയ്യുന്ന തച്ചുശാസ്ത്രമാണ് കുറ്റാന്വേഷണ നോവലുകളുടെ ജനപ്രീയതയ്ക്ക് ആധാരം.ഉദ്വേഗത്തെ ഏത് രീതിയിലാണോ കൈകാര്യം ചെയ്യുന്നത്,അതനുസരിച്ചായിരിക്കും പ്രസ്തുത നോവലുകളുടെ നിലനിൽപ്പ്. ചുരുക്കത്തിൽ, കുറ്റാന്വേഷണ നോവലുകളുടെ ജീവൻ, ഉദ്വേഗം എന്ന, അതിന്റെ അടിസ്ഥാനഘടകത്തിൽ നിലനിൽക്കുന്നു.

പുതിയ തലമുറയെ അപസർപ്പകനോവലുകളിലേക്കും മറ്റും ഇത്രകണ്ട് ആകർഷിക്കുന്നതിൽ വലിയൊരു പങ്കുതന്നെ കുറ്റാന്വേഷണ ചലച്ചിത്രങ്ങൾ വഹിച്ചുവെന്നു പറയാം.കൊറിയൻ,സ്പാനിഷ്,ഇംഗ്ലീഷ്, മുതലായ ഭാഷകളിലെ കുറ്റാന്വേഷണ സിനിമകളെ അതീവ ഗൗരവത്തോടെ മനസ്സിലാക്കാൻ ശ്രമിക്കുന്ന പ്രവണത പുതുതലമുറയിൽ കാണുന്നുണ്ട്.ദൃശ്യമാധ്യമത്തിന്റെ പുത്തൻ സങ്കേതങ്ങളായ വെബ് സീരീസുകളും ഇതിൽ ഉൾപെടും.മണി ഹിസ്റ്റ്,ജംദാരോ,അസൂർ, ഡൽഹി ക്രൈം തുടങ്ങിയവ പ്രധാനപ്പെട്ട ജനപ്രിയ വെബ്സീരീസുകളാണ്. ത്രില്ലർ സിനിമകളും അടുത്തകാലത്ത് ഇറങ്ങിയ വെബ്സീരീസുകളും സൃഷ്ടിച്ച ഭീതിയുടെയും അന്വേഷണത്തിന്റെയും ഉദ്വേഗ ലോകത്തിനകത്തേക്ക് മലയാളത്തിലെ കുറ്റാന്വേഷണനോവലുകളും പ്രവേശിച്ചു. ആർ.ശ്രീരേഖ, ജി.ആർ ഇന്ദുഗോപൻ ,ലാജോ ജോസ്, ശ്രീപാർവതി, എസ് ആദർശ്, നിഖിലേഷ് മേനോൻ, ശിവൻ എടമന, അനൂപ് ശശികുമാർ, പ്രവീൺ ചന്ദ്രൻ മുതലായവർ പുതിയ തലമുറയിലെ ക്രൈം ഫിഷൻ എഴുത്തുകാരാണ്.

ഇവരിൽ, ശിവൻ എടമനയുടെ ' ന്യൂറോ ഏരിയ' എന്ന നോവലാണ് പ്രബന്ധത്തിനായി തിരഞ്ഞെടുത്തിരിക്കുന്നത്. ശാസ്ത്രസാങ്കേതികവിദ്യയും വിവരവിനിമയസാങ്കേതികവിദ്യയും ഏറെ പുരോഗമിച്ച ഈ നവയുഗത്തിൽ കുറ്റകൃത്യങ്ങൾ മറ

ക്കപ്പെടാൻ സാധ്യതയേറെയാണ്.അനുനിമിഷം ഉദ്വേഗം നിറച്ച് വായനക്കാരെ ഒറ്റയിരിപ്പിൽ വായിച്ചുതീർപ്പിക്കാനുള്ള കഴിവ് പേറുന്ന നോവലാണ് ഇതെന്നുപറയാം. ഈ നോവലിന്റെ വിശദമായുള്ള പഠനമാണ് തുടർ അദ്ധ്യായത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

**കുറിപ്പുകൾ**

1. രാധാകൃഷ്ണൻ പി.എസ് .(ലേഖകൻ ) ഓർത്തെഴുത്തിന്റെ അപസർപ്പക തൃഷ്ണകൾ, ഭാഷാപോഷിണി ,ജനുവരി 2017

2. ഹമീദ് , അപസർപ്പക നോവലുകൾ മലയാളത്തിൽ , കേരളം സാഹിത്യ അക്കാദമി, തൃശൂർ, 2015.

3.രാജശ്രീ ,ആർ , അപസർപ്പക ആഖ്യാനങ്ങൾ : ഭാവനയും രാഷ്ട്രീയവും , ലോഗോസ് ബുക്ക്സ്, പാലക്കാട്, 2018

## അദ്ധ്യായം രണ്ട്

# ‘ന്യൂറോ ഏരിയ’ - കുറ്റാന്വേഷണആഖ്യാനത്തിന്റെ പുതുവഴികൾ

## അദ്ധ്യായം രണ്ട്

## 'ന്യൂറോ ഏരിയ' - കുറ്റാന്വേഷണ ആഖ്യാനത്തിന്റെ പുതുവഴികൾ

മനുഷ്യമനസ്സ് പൂർണ്ണമായും കമ്പ്യൂട്ടറിലേക്ക് അപ്ഡേറ്റ് ചെയ്യുക എന്നത്, ഭ്രാന്തമായ ഒരു സ്വപ്നമോ അല്ലെങ്കിൽ അപ്രയോഗമായ ഒരു ആശയമോ ആയി ഇന്ന് ആരും പരിഗണിക്കുന്നില്ല. റഷ്യയിലെ ശതകോടീശ്വരനായ ദമിത്രി ഇറ്റ്സ് കോവ് സ്ഥാപിച്ച 2045 intiative എന്ന നോൺ പ്രോഫിറ്റ് ഫൗണ്ടേഷന്റെ ലക്ഷ്യവും മനസ്സിന്റെ നിയന്ത്രണം തന്നെയാണ്.[1] ഈ ലോകത്തെ ഫ്യൂച്ചറിസ്റ്റുകൾ ഉറ്റുനോക്കുന്ന, 'സൈബർ നെറ്റിക്സ് പ്രോജക്റ്റ്' 2045ൽ ലക്ഷ്യം നേടാൻ വേണ്ടിയാണ് ഇപ്പോൾ അവരുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നത്. വർത്തമാനകാലത്തെ ഈ യാഥാർത്ഥ്യങ്ങളിൽ നിലയുറപ്പിച്ചു കൊണ്ടാണ് ശിവൻ എടമന 'ന്യൂറോ ഏരിയ'എന്ന കുറ്റാന്വേഷണ നോവൽ സാക്ഷാത്കരിച്ചത്.

വിവരവിനിമയ സാങ്കേതികവിദ്യയുടെ അതിപ്രസരത്താൽ, ലോകപ്രശസ്തമായ ഒരു ആശുപത്രിയെ കേന്ദ്രീകരിച്ചു കൊണ്ടാണ് നോവൽ വികസിക്കുന്നത്. യുവഡോക്ടറും ന്യൂറോളജി വിഭാഗത്തിൽ ശ്രദ്ധകേന്ദ്രീകരിക്കുന്ന വ്യക്തിയുമായ രാഹുൽ ശിവശങ്കർ പ്രസ്തുത ആശുപത്രിയുടെ ഉടമയാണ്. ദുരൂഹമായ ഒരു വാഹനാപകടത്തിൽപെട്ട് അദ്ദേഹം മരണാസന്നനാകുന്നു. തുടർന്ന് ഹോസ്പിറ്റലിലെ ന്യൂറോളജി വിഭാഗം മേധാവിയും കൊലചെയ്യപ്പെടുന്നു. ന്യൂറോണുകളെക്കുറിച്ച് ഗഹനമായ പഠനം നടത്തുകയും അതിനെക്കുറിച്ച് പ്രശസ്തമായ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചെയ്ത വ്യക്തിയായിരുന്നു അദ്ദേഹം. ആ ഹോസ്പിറ്റലിനെ കേന്ദ്രീകരിച്ചു തന്നെ മൂന്നാമതായി അതിദാരുണമായ ഒരു കൊലപാതകം കൂടി നടക്കുന്നു. സീനിയർ നേഴ്സ് ആണ് ഇത്തവണ കൊലയാളിക്ക് ഇരയായത്.

ഉദ്വേഗഭരിതമായി മുന്നേറുന്ന ഈ നോവലിന്റെ പ്രധാന ആഖ്യാനത്വം വഹിക്കുന്നത് ആശുപത്രിയിലെ ജൂനിയർ ഡോക്ടറായ ഒരു പെൺകുട്ടിയാണ്. യാതൊരു തെളിവും അവശേഷിപ്പിക്കാതെ നടന്ന ഈ കുറ്റകൃത്യങ്ങളുടെ പിന്നിലെ രഹസ്യങ്ങൾ കണ്ടെത്താനായി ഒരു പോലീസ് ഉദ്യോഗസ്ഥയും എത്തുന്നുണ്ട്. ഗഹനമായ അന്വേഷണങ്ങൾക്കും തെളിവ് ശേഖരണങ്ങൾക്കുമൊടുവിൽ കുറ്റവാളി പിടിക്കപ്പെടുന്നു. കുറ്റവാളിയെ ഊഹിച്ചെടുക്കാൻ യാതൊരു പഴുതും നൽകാതെ

നോവൽ വായനക്കാരുടെ പ്രതീക്ഷകളെ തെറ്റിക്കുന്ന തരം ഒരു കുറ്റവാളിയെ ആണ് അന്ത്യത്തിൽ പ്രദാനം ചെയ്യുന്നത്. ഹോസ്പിറ്റലിൽ കാണുന്ന സാങ്കേതിക വിദ്യകളുടെ മികവും ന്യൂറോ ഏരിയ എന്നറിയപ്പെടുന്ന നിഗൂഢത നിറഞ്ഞ സ്ഥലവും നോവലിന് കൂടുതൽ മിഴിവേകുന്നുണ്ട്,

## 2.1 നോവൽപ്രമേയം

ഇന്ത്യയിലെതന്നെ ആദ്യത്തെ റോബോട്ടിക് ആശുപത്രിയായാണ് കൊച്ചിയിലെ സതേൺ ഹെൽത്ത് കെയർ. ഈ ഹോസ്പിറ്റൽ പശ്ചാത്തലത്തിലാണ് 'ന്യൂറോ ഏരിയ'യുടെ കഥ ആരംഭിക്കുന്നത്. ലോകത്തിലെ ഏറ്റവും മികച്ച ആശുപത്രികളോട് പോലും മത്സരിക്കത്തക്ക അത്യാധുനിക സൗകര്യങ്ങൾ സതേണിനു സ്വന്തമാണ്. ഹോസ്പിറ്റലിന്റെ ചെയർമാനും യുവഡോക്ടറുമാണ് രാഹുൽ ശിവശങ്കർ. ലോകത്തെ തന്നെ മാറ്റിമറിക്കാൻ കെൽപ്പുള്ളതായ ഒരു കണ്ടുപിടിത്തം നടത്തുകയാണ് അദ്ദേഹം. യന്ത്രസഹായത്തോടെ അമരത്വം നേടുക എന്ന നൂതന വിദ്യയുടെ ഗവേഷണത്തിനിടെ രാഹുലിന് ദുരൂഹമായി മരണത്തോട് അടുപ്പിക്കുന്നതരം വാഹനാപകടം സംഭവിക്കുന്നു. തുടർന്ന് സംസാരശേഷിയും ചലന ശേഷിയും വരെ നഷ്ടമാകുണ്ട്. ഏലൂർ സ്വദേശി ടാങ്കർ മാർട്ടിനാണ് രാഹുലിനെ വാഹനം ഇടുപ്പിച്ച് പരിക്കേൽപ്പിക്കുന്നത്. മാർട്ടിൻ പറഞ്ഞത് പ്രകാരം ഡോക്ടർ ഡേവിഡ് ലുക്കയെ പോലീസ് സംശയിക്കുന്നു. കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്ത ശേഷം തിരിച്ചയച്ച ലൂക്കയെ പിന്നീട് ലോകം കാണുന്നത് സ്വന്തം അപ്പാർട്ട്മെന്റിൽ വെടിയേറ്റ് മരിച്ച നിലയിലാണ്.

സതേൺ ഹോസ്പിറ്റലുമായി ബന്ധപ്പെട്ടു നടക്കുന്ന അടുത്ത കൊലപാതകം സീനിയേഴ് നേഴ്സ് സിസ്റ്റർ താരയുടെതാണ്. അതിദാരുണമായാണ് താര മരണത്തിനു മുന്നിൽ കീഴ്പ്പെടുന്നത്. സർജിക്കൽ നൈഫ് ഉപയോഗിച്ച് ശരീരത്തിൽ മുഴുവൻ, ജനനേന്ദ്രിയത്തിൽ വരെ മുറിവുണ്ടാക്കിയാണ് ആ കൊലപാതകം നടന്നത്. സതേൺ ഹോസ്പിറ്റലിലെ രഹസ്യങ്ങൾ ഒളിഞ്ഞിരിക്കുന്ന ഇടമാണ് അതിന്റെ മുകൾ നിലയിൽ സ്ഥിതി ചെയ്യുന്ന ന്യൂറോ ഏരിയ. ഈ ന്യൂറോ ഏരിയയുടെ അകത്ത് പ്രവേശിക്കാൻ അനുമതിയുള്ളത് ഡോക്ടർ രാഹുൽ ശിവശങ്കർ, ഡോക്ടർ ഡേവിഡ് ലുക്ക, സിസ്റ്റർ താര എന്നിവർക്കു മാത്രമായിരുന്നു.

ലോകം മുഴുവൻ ഉറ്റു നോക്കിയിരുന്നതും കണ്ടുപിടുത്തങ്ങളുടെ തട്ടകവുമായ സതേൺ ഹോസ്പിറ്റലിൽ നടക്കുന്ന ഓരോ ചെറിയ കാര്യങ്ങൾ പോലും ലോക ശ്രദ്ധ ആർജ്ജിച്ചിരുന്നു. തന്റെ കണ്ടുപിടിത്തങ്ങളുടെ ആകെ തുകയായി ന്യൂറോ ഏരിയയെ പരിഗണിച്ച രാഹുൽ അതിനെ രഹസ്യമായി സൂക്ഷിക്കാൻ ശ്രമി

ച്ചു. സതേൺ ഹെൽത്ത് കെയർ സെന്ററിന്റെ ഡയറക്ടർ ബോർഡ് മെമ്പർമാർക്ക് പോലും ന്യൂറോ ഏരിയ അപരിചിതമായ ഒരു ലോകം ആയി നിലകൊണ്ടു. തെളിവുകൾ ഒന്നും അവശേഷിപ്പിക്കാതെ നടത്തിയ ഈ കൊലപാതകങ്ങളുടെ ചുരുളഴിക്കാനായി കമ്മീഷണർ നയന ദരദ്വാജ് ഐപിഎസ് ആണ് നിയമിക്കപ്പെട്ടത്. നിരവധി അന്വേഷണങ്ങളുടെ കടന്നുപോയെങ്കിലും നയനയ്ക്ക് ആരാണ് കൊലയാളി എന്ന് കണ്ടെത്താനായില്ല.

നോവലിൽ പ്രധാന ആഖ്യാതാവായി എത്തുന്നത് ജൂനിയർ ഡോക്ടർ മീനാക്ഷിയാണ്. റഷ്യയിൽ നിന്നും എംബിബിഎസ് ബിരുദം എടുത്ത് എത്തിയതാണ് മീനാക്ഷി.പ്രധാനമായും മീനാക്ഷിയുടെ ചിന്തകളിലൂടെയാണ് നോവൽ പുരോഗമിക്കുന്നത്. നോവലിൽ കടന്നു വരുന്ന മറ്റൊരു പ്രധാന കഥാപാത്രമാണ് ലളിതാമഹാദേവി. ലോകത്തിലെ പ്രധാന രാജ്യങ്ങളിലെല്ലാം ഹോസ്പിറ്റലുകൾ ഉള്ള വൻ ഹോസ്പിറ്റൽ ശൃംഖലയുടെ ഉടമയാണ് അവർ. സതേൺ ഹെൽത്ത് സെന്ററിലും രാഹുൽ ശിവശങ്കർ കഴിഞ്ഞാൽ ഏറ്റവും അധികം ഷെയറുകൾ ഉള്ളത് ഡോക്ടർ ലളിതാ മഹാദേവിക്ക് ആണ്.

ഉദ്വേഗത്തിന്റെ മൂർത്തീഭാവം വായനക്കാർക്ക് സമ്മാനിച്ചുകൊണ്ട് മുന്നേറുന്നതാണ് 'ന്യൂറോ ഏരിയ' കുറ്റാന്വേഷണ നോവലിന്റെ ഘടന. സസ്പെൻസിനെ നോവലിന്റെ അന്ത്യംവരെ നിലനിർത്താനും വായനക്കാരുടെ പിരിമുറുക്കത്തെ ലഘൂകരിക്കാനും ആഖ്യാനത്തിൽ ജീവിതാവിഷ്കാരങ്ങൾ കൂടി നോവലിസ്റ്റ് ഉൾപ്പെടുത്തിയിരിക്കുന്നു. നിശബ്ദ പ്രണയവും സ്വാർത്ഥത നിറഞ്ഞ പ്രണയവും നോവലിൽ വിരുദ്ധങ്ങളായി ചേർത്തിട്ടുണ്ട്. ഗോപീകൃഷ്ണൻ ലളിതാ മഹാദേവിയോട് നടത്തുന്ന വഞ്ചനയും, പിംഗളയെന്ന കഥാപാത്രം ഡോക്ടർ രാഹുൽ ശിവശങ്കറിനോട് കാണിക്കുന്ന യജമാനനോടുള്ള കടപ്പാടും, ദിനകരനും മീനാക്ഷിയും തമ്മിലുള്ള ഊഷ്മളമായ പിതൃപുത്രി ബന്ധവും, ഡയൽ പാർത്ഥസാരഥി എന്ന കഥാപാത്രത്തിന്റെ ജീവിതാസക്തി ചിത്രീകരണവും, വൈദ്യശാസ്ത്ര രംഗത്ത് സ്വന്തം കയ്യൊപ്പ് ചാർത്താനായി ശ്രമിക്കുന്ന ഡോക്ടർ രാഹുൽ ശിവശങ്കറും ഡോക്ടർ ഡേവിഡ് ലുക്കയുമെല്ലാം വായനക്കാരനെ നോവലിനോട് കൂടുതൽ അടുപ്പിക്കാൻ ഉള്ള ഘടകങ്ങളായി ചേർത്തിരിക്കുന്നു.

നോവലിന്റെ അന്ത്യംവരെ കൊലപാതകി അദൃശ്യനായാണ് തുടരുന്നത്. എന്നിരുന്നാലും അയാൾ എല്ലാം കണ്ടാസ്വദിക്കുന്ന സാക്ഷിയായും ഭീഷണിയായും വളരുന്നുമുണ്ട്. എന്തു കാരണത്താലാണ് അയാൾ കുറ്റകൃത്യങ്ങൾ ചെയ്യുന്നത് എന്നതു അവ്യക്തമാണ്.സിസ്റ്റർ താരയുടെയും മരണശേഷം ന്യൂറോ ഏരിയയിൽ ക

യറാനുള്ള അനുമതി ലഭിച്ചത് സതേൺ ഹോസ്പിറ്റലിലെ ഒരു ജൂനിയർ ഡോക്ടർ ആയ മീനക്ഷിക്കാണ്. പ്രതിഭാശാലികളായ അനേകം ഡോക്ടർമാർ ഉള്ളപ്പോൾ അനുമതി ഒരു ജൂനിയർ ഡോക്ടർക്ക് ലഭിച്ചത് സംശയം ഉളവാക്കുന്ന രീതിയിൽ അവതരിപ്പിച്ചിരിക്കുന്നു. പല വേളകളിലും ആഖ്യാതാവായ മീനാക്ഷി വിവരങ്ങൾ ചോർത്താനായി എത്തിയ റഷ്യൻ ഗവൺമെന്റിന്റെ ചാരയാണോ എന്ന സംശയം നോവലിലെ കഥാപാത്രങ്ങളായ ഡാനിയൽ പാർത്ഥസാരഥിയ്ക്കും ലളിതാമഹാദേവിക്കും തോന്നുന്നുണ്ട്.

ന്യൂറോ ഏരിയ ഹാക്ക് ചെയ്യാനായി ടെക്നീഷ്യൻസ് ഹെഡ് ദേവൻ പത്മനാഭന്റെ സഹായത്താൽ ലളിതാ മഹാദേവി കണ്ടെത്തുന്ന ഹാക്കറാണ് ഡാനിയൽ പാർത്ഥസാരഥി. കുറ്റകൃത്യവാസനങ്ങൾ നിറഞ്ഞു നിൽക്കുന്ന വ്യക്തിത്വമുള്ള ഹാക്കർ ആയതിനാൽ സ്വാഭാവികമായും സംശയം അയാളിലേക്കും നീളുന്നുണ്ട്. എന്നാൽ ആരും പ്രതീക്ഷിക്കാത്ത ഒരു കുറ്റവാളിയെ ആണ് കഥാമൂർദ്ധന്യത്തിൽ നോവൽ നൽകുന്നത്. ശാന്ത സ്വരൂപിനും നിഷ്കളങ്കനും തെറ്റിദ്ധരിക്കപ്പെട്ട പ്രതിനായക കഥാപാത്രം ഏതൊരാളെയും അത്ഭുതപ്പെടുത്തുന്നതാണ്.

കുറ്റാന്വേഷണം എന്ന വീക്ഷണകോണിൽ നിന്നു പരിശോധിക്കുമ്പോൾ ന്യൂറോ ഏരിയ എന്ന നോവലിന്റെ പ്രമേയത്തെ സാമാന്യമായി ഇപ്രകാരം രേഖപ്പെടുത്താം

## 2.2 കുറ്റാന്വേഷണ സവിശേഷതകൾ:'ന്യൂറോ ഏരിയ'യിൽ

അടുത്തത് എന്തെന്നറിയാനുള്ള മനുഷ്യത്വരയെ മുതലെടുത്തുകൊണ്ടാണ് ഓരോ കുറ്റാന്വേഷണ കൃതികളും രൂപപ്പെടുന്നത്. ഉത്തരാധുനിക കാലത്തിന്റെ സവിശേഷതകൾക്കൊപ്പം നൂതന സാങ്കേതിക വിദ്യകളുടെ കെട്ടുറപ്പു കൂടി ഉൾക്കൊള്ളിച്ച് രൂപപ്പെടുത്തിയ ശിവൻ എടമനയുടെ 'ന്യൂറോ ഏരിയ' എന്ന നോവലിൽ അപസർപ്പക സാഹിത്യ സംബന്ധിയായ ധാരാളം സവിശേഷതകൾ ഉൾച്ചേർന്നിരിക്കുന്നു. കഥയിൽ ഒരു സമസ്യ ഉണ്ടായിരിക്കണം എന്ന ഘടകത്തെ നോവലിലെ കുറ്റകൃത്യങ്ങളിലുള്ള ധാരാളിത്തത്താൽ അതിജീവിക്കാൻ കഴിയുന്നുണ്ട്. കുറ്റാന്വേഷകനായ എത്തുന്നത് ഒന്നല്ല മറിച്ച് മൂന്നു വ്യക്തികളാണ്. കമ്മീഷൻ നയനയും ലളിതാമഹാദേവിയും ആഖ്യാതാവായ ഡോക്ടർ മീനാക്ഷിക്കും പുറമേ രാഹുലിന്റെ ഡയറിക്കുറിപ്പുകളും കുറ്റാന്വേഷണത്തിൽ വലിയൊരു പങ്കു വഹിക്കുന്നതാണ്. വായനക്കാരന്റെ യുക്തിയെ തൃപ്തിപ്പെടുത്തുന്ന തരം ഇതിവൃത്തം ഉൾക്കൊള്ളിച്ചിരിക്കുന്ന നോവലിസ്റ്റ് അതിൽ പുതുമയും കണ്ടെത്താൻ ശ്രമിച്ചിരിക്കുന്നു. സാങ്കേതിക വിദ്യയുടെ അതിപ്രസരം പ്രകടമാകുന്ന ഇക്കാലത്തു ഉത്തരാധുനിക നോവൽ നേരിടുന്ന പ്രധാന പ്രശ്നം ഇതിവൃത്തത്തിലെ നവതനയാണ്.ഇ

ന്നിന്റെ വർത്തമാനങ്ങളെ അടയാളപെടുത്തി പറയുമ്പോഴും ഭാവിയുടെ അനന്ത സാധ്യതകളെ കൂടി എത്രത്തോളം ദീർഘവീക്ഷണ അടിസ്ഥാനത്തിൽ ഉൾച്ചേർ ക്കാൻസാധിക്കുന്നു എന്നതാണ് സൈബർ സയൻസ് ഫിക്ഷന്റെ പ്രത്യേകത.[2] പരി ണാമഗുപ്തി, കഥാമൂഢന്യം തുടങ്ങി നോവൽ ചേർന്നിരിക്കുന്ന കുറ്റാന്വേഷണ സവിശേഷതകളെ പ്രത്യേകം പരിഗണിച്ച് പറയേണ്ടതുണ്ട്.

### 2.2.1 കുറ്റകൃത്യങ്ങൾ

രണ്ട് കൊലപാതകങ്ങൾ,മൂന്നു കൊലപാതകശ്രമങ്ങൾ, വഞ്ചന, നഗ്നചിത്രം പകർത്തൽ, തട്ടിക്കൊണ്ടു പോകൽ തുടങ്ങി ധാരാളം കുറ്റകൃത്യങ്ങളുടെ ഒരു സങ്കല നം 'ന്യൂറോ ഏരിയ'യിൽ ദൃശ്യമാണ്.ലോകോത്തര നിലവാരമുള്ളതും വിവരവിനിമ യ സാങ്കേതിക വിദ്യയുടെഅതിപ്രസരത്താൽ പ്രവർത്തിക്കുന്നതുമായ സതേൺ ഹെൽത്ത് കെയറിന്റെ ചെയർമാൻ ഡോക്ടർ രാഹുൽ ശിവശങ്കറിന്റെ ദുരൂഹമായ വാഹന അപകടമാണ് നോവലിൽ പറയപ്പെടുന്ന ആദ്യ കുറ്റകൃത്യം.ടാങ്കർ മാർട്ടിൻ എന്നറിയപ്പെടുന്ന മാർട്ടിൻ ഓടിച്ച വാഹനം ഇടിച്ച് രാഹുലിന്റെ ചലനശേഷി ഉ ൾപ്പെടെ നഷ്ടമാകുന്നു. തുടർന്ന് സതേൺ ഹെൽത്ത് കെയർ സെന്ററിന്റെ ന്യൂറോളജി വിഭാഗം മേധാവിയും ലോകപ്രശസ്തനുമായ ന്യൂറോളജിസ്റ്റ് ഡേവി ഡ് ലുക്ക റഷ്യൻ നിർമ്മിതമായ തോക്കിൽ നിന്ന് വെടിയേറ്റ് കൊല്ലപ്പെടുന്നു.

സ്വന്തം താമസസ്ഥലത്ത് യോഗ ചെയ്യുന്നതിനിടെയാണ് പരിചിത ശബ്ദത്തി നുടമ താരയെ കൊല ചെയ്യുന്നത്. സർജിക്കൽ നൈഫ് ഉപയോഗിച്ച് ശരീരത്തിൽ മാരകമായ മുറിവുകൾ ഉണ്ടാക്കിയാണ് ആ കൊലപാതകം നടന്നത്. സതേൺ ഹെൽത്ത് സെന്ററിൽ അരങ്ങേറപ്പെടുന്ന എല്ലാ കുറ്റകൃത്യങ്ങൾക്കും കാരണം മീനാ ക്ഷിയാണെന്നും, മീനാക്ഷി റഷ്യൻ ഗവൺമെന്റിന്റെ ചാര പ്രവർത്തി ചെയ്യുന്നവളും ആണെന്ന വിശ്വാസത്തിൽ ഡേവിഡ് പാർത്ഥസാരഥി എന്ന കഥാപാത്രം അവളെ ഭീ ഷണിപ്പെടുത്താനായി നഗ്നചിത്രങ്ങൾ പകർത്തുകയും ഒന്നിലധികം തവണ മീനാ ക്ഷിയെ ഹോസ്പിറ്റലിൽ നിന്ന് തട്ടിക്കൊണ്ടു പോവുകയും ചെയ്യുന്നുണ്ട്. നോവലി ന്റെ അന്ത്യത്തിൽ ആകട്ടെ ഒരു കൊലപാതകശ്രമത്തിൽ നിന്ന് ഡോക്ടർ മീനാക്ഷി യും ഡോക്ടർ ലളിതാമഹാദേവിയും തലനാരിഴയ്ക്കാണ് രക്ഷപ്പെടുന്നത്.

ഇതിനെല്ലാം കാരണക്കാരനായ കുറ്റവാളി 'ഡോക്ടർ' എന്ന അപരനാമത്തിൽ ആണ് നോവലിൽ പറയപ്പെടുന്നത്. മനുഷ്യർക്ക് യന്ത്ര സഹായത്താൽ അമരത്വം നൽകുക എന്ന ലക്ഷ്യത്തോടെ രാഹുൽ ആവിഷ്കരിച്ച പദ്ധതി തന്റെതാക്കി മാറ്റി,

അതിലൂടെ പേരും പ്രശസ്തിയും പണവും നേടാനായാണ് പ്രതിനായകൻ ഡോക്ടർ ഗോപീകൃഷ്ണൻ ശ്രമിക്കുന്നത്.ലളിതാമഹാദേവിയോട് പ്രണയം നടിക്കുന്ന അയൾ അവരുടെ ഹോസ്പിറ്റൽ സൽപേരുകളുടെ മറവിൽ ധാരാളം വഞ്ചനകൾ ആവിഷ്കരിക്കുന്നു. ജനസേവനത്തിന്റെ പേരിൽ നടത്തുന്ന അവയവകടത്തും നിയമവിരുദ്ധമായ മരുന്നുകളുടെ ഉൽപാദനവും അവയിൽ പിടിക്കപ്പെട്ട ചിലതു മാത്രം.

### 2.2.2 കുറ്റാന്വേഷകനും കുറ്റാന്വേഷണവും

യാതൊരു തെളിവും അവശേഷിപ്പിക്കാതെ വിദഗ്ധമായി ചെയ്ത കുറ്റകൃത്യങ്ങളായിരുന്നു നോവലിന്റെ പ്രമേയത്തിൽ നോവലിസ്റ്റ് ആവിഷ്കരിച്ചത്. കുറ്റവാളിയെ കണ്ടുപിടിക്കുക എന്നത് ഏറെ ശ്രമകരമായ ഒരു ദൗത്യമായി വായനക്കാർക്ക് പോലും തോന്നിക്കത്തക്ക വിധത്തിൽ ശക്തമായിരുന്നു ആ ഘടന. ഭൂരിഭാഗം അപസർപ്പകനോവലിൽ കാണപ്പെടുന്നതു പോലെ ഒരു അന്വേഷകനിലൂടെ മാത്രമല്ല 'ന്യൂറോ ഏരിയ' യിൽ കുറ്റം തെളിയിക്കപ്പെടുന്നത്. ഉത്തരാധുനിക സാഹിത്യത്തിലെ മറ്റു കുറ്റാന്വേഷണ നോവലുകളിൽ നിന്നു പ്രസ്തുത നോവൽ വ്യത്യാസപ്പെട്ടിരിക്കാനുള്ള ഒരു പ്രധാന കാരണം ഇതാണ്. കുറ്റം തെളിയിക്കാൻ കാരണക്കാരായുള്ള മൂന്നിലധികം കുറ്റാന്വേഷകർ നോവലിൽ കടന്നു വരുന്നുണ്ട്. കൊലയാളിയെ വെളിച്ചത്ത് കൊണ്ടുവരാനും കുറ്റകൃത്യങ്ങൾക്ക് പിന്നിലെ രഹസ്യങ്ങൾ എന്തെന്ന് അറിയാനും മൂല കാരണമായി നിലകൊള്ളുന്നത് രാഹുൽ എഴുതിയതും, ഹോസ്പിറ്റലിലെ രഹസ്യങ്ങളുടെ കലവറയായ ന്യൂറോ ഏരിയയിൽ സൂക്ഷിച്ചിരുന്നതുമായ ഡയറിക്കുറിപ്പുകൾ ആണ്. രാഹുൽ കാത്തുസൂക്ഷിച്ച രഹസ്യം ന്യൂറോ ഏരിയക്ക് പുറത്ത് എന്നറിഞ്ഞ വേളയിലാണ് പ്രതിനായകൻ മൂടുപടം നീക്കി പുറത്തെത്തുന്നത്.

കൊലപാതകങ്ങളും രാഹുലിന്റെ കൊലപാതക ശ്രമവും അന്വേഷിക്കാൻ നിയമിക്കപ്പെടുന്നത് പോലീസ് കമ്മീഷണർ നയന ദരദ്വാജ് ഐപിഎസ് ആണ്. ലോകപ്രശസ്തനായ വ്യക്തികൾ ഇരയാക്കപ്പെട്ട ഈ കേസ് അത്യധികം ശ്രദ്ധയോടെ പരിഗണിച്ചതിനായിരിക്കാം കമ്മീഷണർ റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥയെ തന്നെ കുറ്റാന്വേഷണത്തിനായി സർക്കാർ തിരഞ്ഞെടുത്തത്. കുറ്റാന്വേഷണം തുടരുമ്പോൾ നയനയുടെ മനസ്സിൽ രാഹുലുമായി ബന്ധപ്പെട്ട് നിന്ന എല്ലാവരുടെയും മുഖമുണ്ടായിരുന്നു. ഡേവിഡ് ലൂക്കയെയും സതേൺ ഹോസ്പിറ്റലിന്റെ ഡയറക്ടർ ബോർഡ് അംഗങ്ങളെയും സമൂഹത്തിലെ അവരുടെ സ്ഥാനം പോലും മറന്ന് നയന ചോദ്യംചെയ്തു.ഏലൂർ സ്വദേശി ടാങ്കർ മാർട്ടിന്റെ വാഹനം ഇടിച്ചാണ് ഡോക്ടർ

രാഹുൽ ശിവശങ്കറിന് ഗുരുതരമായ പരിക്ക് സംഭവിക്കുന്നത്. ഡോക്ടർ ഡേവിഡ് ലുക്കയെ ആദ്യം സംശയിച്ചു എങ്കിലും അയാളുടെ മരണശേഷം നയന ഇരുട്ടിൽ തപ്പുകയാണ് ഉണ്ടായത്. ഒരിക്കൽ നയന മാർട്ടിന്റെ വീട്ടിൽ പോവുകയും അവിടെനിന്ന് അയാളുടെ രോഗവിവരങ്ങൾ ശേഖരിക്കുകയും ചെയ്യുന്നു. മനുഷ്യരുടെ മുഖം തിരിച്ചറിയാനുള്ള കഴിവില്ലെന്ന് നയന അതിലൂടെയാണ് മനസ്സിലാക്കുന്നത്. കുറ്റവാളി ഡോക്ടർ ഡേവിഡ് അല്ല എന്നും ഈ കുറ്റകൃത്യങ്ങൾ എല്ലാം ചെയ്തത് ഒരാൾ തന്നെ ആണെന്നും നയനയ്ക്ക് വ്യക്തമാക്കുന്നുണ്ട്. കാലിൽ ചെളി പുരളാതിരിക്കാൻ ഡേവിഡ് ലുക്കയെന്ന് സ്വയം പരിചയപ്പെടുത്തിയ വ്യക്തി ധരിച്ചിരുന്ന പ്ലാസ്റ്റിക് കവർ അതിന്റെ ഗുണമേന്മ കണ്ട് മാർട്ടിന്റെ അയൽവാസി ലോന സൂക്ഷിച്ചുവെക്കുന്നു. ലോനയുമായി സംസാരിച്ച നയന, ആ കവർ പരിശോധനയ്ക്കായി അയയ്ക്കുന്നു. ലളിതാമഹാദേവിയുടെ ഹോസ്പിറ്റലിലേക്ക് ആവശ്യമായ സർജിക്കൽ നൈഫ് വാങ്ങിയ ധാരാളം കവറുകളിൽ ഒന്നായിരുന്നു അത്. നയന കുറ്റാന്വേഷണത്തിന്റെ അടുത്തഘട്ടത്തിലേക്ക് കടക്കും മുൻപായി, ഡോക്ടർ ലളിതാമഹാദേവി പ്രതിനായകനും സതേൺ ഹോസ്പിറ്റലിലെ ചീഫ് സ!!കൈ!!ക്യാർട്ടിസ്റ്റുമായ ഡോക്ടർ ഗോപികൃഷ്ണനു എതിരെ സ്വീകരിച്ച തെളിവുകൾ നയനക്ക് അയച്ചുകൊടുക്കുകയാണ് ഉണ്ടായത്.നയന ഗഹനമായ അന്വേഷണ തലങ്ങളിലൂടെ കടന്നു പോയപ്പോൾ പ്രതികളെന്ന് സംശയിച്ച മുഖങ്ങളുടെ എണ്ണം കുറഞ്ഞു കുറഞ്ഞു വന്നു. അത് കുറ്റവാളിയുടെ അടുത്തേക്കുള്ള ദൂരം ലഘൂകരിച്ചതായി നമുക്ക് കാണാം.

അടുത്തതായി വരുന്ന കുറ്റാന്വേഷണം ലോകത്തിലെ എല്ലാ രാജ്യങ്ങളിലും നിരവധി ഹോസ്പിറ്റലുകൾ ഉള്ള ഹോസ്പിറ്റലിൽ ശൃംഖലയുടെ ഉടമ ലളിതാ മഹാദേവി നടത്തുന്നതാണ്. ആരോ തന്നെ കൂടെ നിന്ന് ചതിക്കുന്നുണ്ടെന്ന് മനസ്സിലാക്കിയ അവർ, അതാരെന്നു തിരിച്ചറിയാൻ സ്വകാര്യ ഓൺലൈൻ ഏജൻസിയെ ഏൽപ്പിക്കുന്നു. ഏറെ നാളത്തെ കാത്തിരിപ്പിന് ശേഷമാണ് ആ ഏജൻസിയുടെ ഇമെയിൽ സന്ദേശം ലളിതാമഹാദേവിക്ക് അരികിൽ എത്തുന്നത്. അതിൽ പരാമർശിച്ചിരിക്കുന്ന പേര് ലളിത ഒട്ടും പ്രതീക്ഷിക്കാത്തതായിരുന്നു. ഇത്രയും നാൾ താൻ ആത്മാർത്ഥമായി സ്നേഹിച്ച, മനസ്സും ശരീരവും നൽകിയ ഗോപികൃഷ്ണനാണ് തന്നെ നശിപ്പിക്കാൻ നോക്കുന്നത് എന്ന അറിവ് അവരിൽ ഒരു പ്രതികാര മനോഭാവം ഉണർത്തുന്നു.

കുറ്റവാളിയെ വെളിച്ചത് കൊണ്ടുവരുന്നതിൽ പ്രധാന പങ്കുവഹിച്ചത് യുവ ഡോക്ടറും ഹൈടെക് ആശുപത്രിയായ സതേൺ ഹോസ്പിറ്റലിന്റെ ഉടമയുമായ രാഹുൽ ശിവശങ്കരന്റെ കുറിപ്പുകൾ ആണ്. തനിക്കും തന്റെ പ്രിയപ്പെട്ടവർക്കും അ

പകടം സംഭവിക്കാൻ സാധ്യതയുണ്ടെന്ന് മനസ്സിലാക്കിയ രാഹുൽ അവ അമിതപ്രാധാന്യം നൽകിയാണ് സൂക്ഷിച്ചു പോന്നിരുന്നത്. ടെക്നോളജിയിലെ ഹാക്കിങ്ങിലൂടെ കണ്ടുപിടുത്ത രഹസ്യങ്ങൾ നഷ്ടമാകാതിരിക്കാൻ ആയാണ് രാഹുൽ ന്യൂറോ ഏരിയയിലെ തടിയലമാരയിൽ സങ്കീർണ്ണമായ ' RENEDESCATES' എന്ന പാസ് വേർഡ് ഉപയോഗിച്ച് സൂക്ഷിച്ചത്. അതിനകത്ത് പ്രവേശിക്കാൻ അനുമതിയുണ്ടായ മൂന്നുപേരിൽ സിസ്റ്റർ താരയാണ് മീനാക്ഷിക്ക് പാസ്സ്വേർഡിന്റെ സൂചന നൽകുന്നത്. അതും വേദന അനുഭവിച്ച മരണത്തിന് കീഴടക്കുന്നതിനു തൊട്ടുമുൻപായി. സൂചനയിൽ നിന്ന് പാസ് വേർഡിലേക്ക് എത്താൻ മീനാക്ഷിയെ സഹായിച്ചത് ആവട്ടെ അവളുടെ അച്ഛൻ ദിനകരനായിരുന്നു.

മീനാക്ഷിയാണ് കുറ്റവാളി എന്ന് കരുതി ന്യൂറോ ഏരിയ ഹാക്ക് ചെയ്യാൻ സതേൺ ഹോസ്പിറ്റലിൽ എത്തിയ ഡാനിയൽ പാർത്ഥസാരഥി ചില ഊഹാപോഹങ്ങളുടെ അടിസ്ഥാനത്തിൽ മീനാക്ഷിയെ സംശയിക്കുന്നു.അവളെ ശല്യപ്പെടുത്തുന്ന തരത്തിലാണ് ആ സംശയം മുന്നോട്ടുപോകുന്നത്. സതേൺ ഹോസ്പിറ്റലിൽ മീനാക്ഷി എത്തിയത് റഷ്യൻ ഗവൺമെന്റിന്റെ ചാര പ്രവർത്തി ചെയ്യാനാണ് എന്നയാൾ വിശ്വസിക്കുന്നു. ഒപ്പം അത് ലളിതാ മഹാദേവിയേയും വിശ്വസിപ്പിക്കാൻ ആവുന്നത്ര ശ്രമിക്കുന്നുമുണ്ട്. സതേൺ ഹോസ്പിറ്റലിലും ന്യൂരിയയിലും നടക്കുന്ന സംഭവവികാസങ്ങൾക്ക് കാരണക്കാരി മീനാക്ഷി അല്ലാത്തതിനാൽ തന്നെ ഡാനിയൽ പാർത്ഥസാരഥിയുടെ ഊഹങ്ങളും അന്വേഷണങ്ങളും ഫലം കാണുന്നില്ല. മീനാക്ഷിയെ കൊണ്ട് സത്യം പറയിപ്പിക്കാനാണെന്ന് തെറ്റിദ്ധരിപ്പിച്ച് വൻ കുറ്റകൃത്യങ്ങളും അയാൾ ചെയ്യുന്നുണ്ട്. അവളുടെ നഗ്നചിത്രം പകർത്തുകയും ഒന്നിൽ കൂടുതൽ തവണ മീനാക്ഷിയെ തട്ടിക്കൊണ്ടു പോകാൻ ശ്രമിക്കുകയും ചെയ്തു. ഇതിനെല്ലാം ലളിതാമഹാദേവി എതിർപ്പ് പറഞ്ഞെങ്കിലും അവരെ അനുനയിപ്പിച്ച് തന്റെ വഴിക്ക് കൊണ്ടുപോരാനുള്ള കഴിവ് ഡാനിയലിന് ഉണ്ടായിരുന്നു.

### 2.2.3 **പരിണാമഗുപ്തി**

അടുത്തത് എന്തെന്നൊരു സൂചന പോലും നൽകാതെ ഉദ്യോഗത്തിന്റെ മുൾമുനയിൽ നിർത്തുന്ന ആഖ്യാന രീതിയാണ് പരിണാമഗുപ്തി എന്നത്. നോവലിൽ ഉടനീളം അത് പുലർത്താൻ നോവലിസ്റ്റ് ശ്രമിച്ചിട്ടുണ്ട്.കുറ്റാന്വേഷകനെ വഴിതെറ്റിക്കാൻ വേണ്ട സകല നടപടികളെയും സ്വീകരിച്ചുകൊണ്ടാണ് കുറ്റകൃത്യങ്ങൾ ഓരോന്നും നടന്നത്. ലോക പ്രശസ്തരും വിദ്യാസമ്പന്നരുമായ ഡോക്ടർമാർ

പ്രധാന കഥാപാത്രമായി കടന്നുവരുന്ന നോവലിൽ സംശയം ആരിലേക്ക് ഉയർത്തണമെന്ന് പോലും വായനക്കാർക്ക് സൂചന ലഭിക്കുന്നില്ല. മാർട്ടിൻ ഇടിപ്പിച്ച വാഹനത്തിൽ നിന്നും ഡോക്ടർ ഡേവിഡ് ലൂക്കയുടെ ബാങ്ക് അക്കൗണ്ടിൽ നിന്ന് 10000 രൂപ പിൻവലിച്ച റസീപ്റ്റ് കണ്ടെടുക്കുന്നതിനാൽ നയന ആദ്യം രാഹുലിന്റെ വാഹന അപകടത്തിൽ സംശയിക്കുന്നത് ഡോക്ടർ ലൂക്കയെയാണ്. കുറ്റവാളി പോലീസിനെ തെറ്റിദ്ധരിപ്പിക്കാൻ ആദ്യമായി നടത്തിയ നടപടി അതായിരുന്നു. പിന്നീട് ഡേവിഡ് ലുക്കയുടെ കൊലപാതകത്തിൽ മീനാക്ഷിയുടെ അമ്മ തയ്ച്ച് നൽകുന്ന തരം, വെള്ളയിൽ രക്തനക്ഷത്രം ഉള്ള തൂവാല സതേണിന്റെ സ്റ്റാഫ് ഹോസ്റ്റലിന്റെ അടുക്കള ഭാഗത്ത് നിക്ഷേപിക്കുകയും ചെയ്തു. അതും കുറ്റവാളി ആരെന്നു കണ്ടെത്താനുള്ള ശ്രമത്തിൽ നിന്ന് പോലീസിനെ തെറ്റിദ്ധരിപ്പിച്ചു. ഒരു വേള മീനാക്ഷി തന്നെയാണോ കുറ്റവാളി എന്ന് തോന്നിക്കത്തക്ക വിധത്തിൽ ആഖ്യാനം നടത്താൻ നോവലിൽ സാധിച്ചിട്ടുണ്ട്. എണ്ണം പറഞ്ഞ സീനിയർ ഡോക്ടർമാരുള്ള ഹോസ്പിറ്റലിൽ നിന്നും താരയുടെ മരണശേഷം ന്യൂറോ ഏരിയയിൽ പ്രവേശിക്കാനുള്ള അനുമതി ലഭിച്ചത് ഒരു ജൂനിയർ ഡോക്ടറായ മീനാക്ഷിക്കാണ്. അതുമാത്രമല്ല എന്ത് അപകടത്തിൽ നിന്നും മീനാക്ഷി നിഷ്പ്രയാസം രക്ഷപ്പെടുന്നതും അവളിൽ സംശയം ഉണർത്ത തക്കവിധം ചിത്രീകരിച്ചിരിക്കുന്നു.

അടുത്തതായി വായനക്കാരിൽ നിന്നു ഉയരുന്ന ചോദ്യം ആരാണ് മീനാക്ഷിയെ രക്ഷിക്കുന്നത് എന്നതാണ്. ഡാനിയൽ ഡോക്ടർ മീനാക്ഷിയുടെ നഗ്ന ചിത്രം പകർത്തിയ വേളയിൽ ആരോ പറഞ്ഞു ഏൽപ്പിച്ചത് പോലെ ഒരു റോബോട്ട് എത്തി ഡാനിയേലിന്റെ കൈ തിരിച്ച് ഓടിക്കുന്നുണ്ട്. അത് മാത്രമല്ല മീനാക്ഷിയെ ആദ്യമായി തട്ടിക്കൊണ്ടുപോയ ശ്രമത്തിൽ അവളെ രക്ഷിക്കുന്നതിനായി അവിടേക്ക് ഡെലിവറി ബോയ്സിനെ അയച്ചതും ആരെന്ന ചോദ്യവും ആശയകുഴപ്പത്തിലാക്കുന്നതാണ്. ഒരു കാരണവശാലും കുറ്റവാളി എന്ന് സംശയിക്കാത്ത വ്യക്തിയാണ് അവസാനം കുറ്റവാളിയെന്ന് തെളിയുന്നത്. ഹോസ്റ്റൽ മുറിയിൽ മീനാക്ഷിക്ക് നേരെ ആക്രമം നേരിടേണ്ടി വന്ന സമയത്ത് അവളുടെ മാനസിക നില തെറ്റിയത് ആവാം എന്ന ധാരണയാൽ പ്രതിനായകൻ ഡോക്ടർ ഗോപീകൃഷ്ണന്റെ അടുത്തേക്ക് തന്നെ അവളെ കൗൺസിലിങ്ങിനായി വിടുന്നുണ്ട്.

## 2.2.4 കഥാമൂർദ്ധന്യം

ഉദ്വേഗങ്ങളുടെ കടന്നുപോയി വായനക്കാരുടെ നെഞ്ചിടിപ്പ് വർദ്ധിപ്പിച്ച്, നോവൽ അന്ത്യത്തിൽ എത്തുന്ന സന്ദർഭമാണ് 'കഥാമൂർദ്ധന്യം' എന്നത്.ആ നിമിഷം വരെ നിഷ്കളങ്കൻ എന്ന് തെറ്റിദ്ധരിക്കപ്പെട്ട സതേൺ ഹെൽത്ത് കെയർ

സെന്ററിലെ മുഖ്യ മനോരോഗ വിദഗ്ദ്ധൻ ഡോക്ടർ ഗോപികൃഷ്ണൻ ആണ്. കഥാ മൂർദ്ധന്യത്തിൽ കുറ്റവാളിയായി എത്തുന്നത്.

ന്യൂറോ ഏരിയയിൽ നിന്ന് രാഹുലിന്റെ ഡയറിയും മറ്റും വായിക്കുക എന്ന ആഗ്രഹത്തിന് പ്രകാരം മീനാക്ഷി അവ പുറത്തെടുത്തിരുന്നു. ഇതറിഞ്ഞ പ്രതി നായകൻ അത് കൈക്കലാക്കുകയും ശേഷം തെളിവ് നശിപ്പിക്കലിന്റെ ഭാഗമായി ഡോക്ടർ മീനാക്ഷിയെയും ഡോക്ടർ ലളിതാ മഹാദേവിയെയും വധിക്കാനും പദ്ധതിയിട്ടു. തുടർന്ന് മീനാക്ഷി ഹോസ്പിറ്റലിൽ നിന്ന് കടത്തിക്കൊണ്ടു പോകപ്പെടുന്നു. എറണാകുളം മരടിലെ പൂർത്തിയാകാത്ത ഒരു ഫ്ളാറ്റിന്റെ മുകളിൽ ലളിത മഹാദേവിയും മീനാക്ഷിയെയും എത്തിച്ച പ്രതി നായകൻ മീനാക്ഷിയെ വെടിവെച്ച് കൊല്ലാനും ശേഷം ലളിതാമഹാദേവിയെ ഫ്ളാറ്റിന് താഴെ പാർക്ക് ചെയ്തിരിക്കുന്ന കോൺക്രീറ്റ് മിക്സിങ് ട്രക്കിലേക്ക് തള്ളിയിടാനും തീരുമാനിക്കുന്നു. ഡോക്ടർ എന്ന അപരനാമത്തിൽ ഗുരുതരമായ കുറ്റകൃത്യങ്ങൾ എല്ലാം ചെയ്തത് ഹോസ്പിറ്റലിലെ മുഖ്യ മനോരോഗ വിദഗ്ദ്ധൻ ഡോക്ടർ ഗോപീ കൃഷ്ണൻ ആണെന്ന് വിവരം മീനാക്ഷിയിൽ ചെറിയ ഞെട്ടിലൊന്നുമല്ല ഉണ്ടാക്കിയ ത്. തന്നെ കൗൺസിലിംഗ് ചെയ്ത ഡോക്ടർ ഇത്ര ക്രൂരനാണെന്ന് അവളോ വായ നക്കാരോ ഒരിക്കൽപോലും ചിന്തിച്ചിരുന്നില്ല. ജൂനിയർ ഡോക്ടർ മീനാക്ഷിയെ കൊന്ന ശേഷം ലളിതാമഹാദേവി അപ്രത്യക്ഷയായി എന്നു വരുത്തി തീർക്കാനായി രുന്നു ഗോപികൃഷ്ണന്റെ പദ്ധതി. മനുഷ്യർക്ക് യന്ത്ര സഹായത്തോടെ അമരത്വം സിദ്ധിക്കുന്ന രാഹുലിന്റെ പുതിയ കണ്ടെത്തലിന്റെ വിശദവിവരങ്ങൾ ചോർ ത്തിയെടുക്കാനാണ് ഗോപീകൃഷ്ണൻ രാഹുലിനെ അപകടപ്പെടുത്തിയത്. അതിന് അനുബന്ധമായി സംഭവിച്ചതാണ് പിന്നീട് ഉണ്ടായ രണ്ടു കൊലപാതകങ്ങളും. മരണം അടുത്തെത്തിയ വേളയിൽ പോലും രാഹുലിന്റെ കണ്ടത്തലുകൾ താൻമൂലം നഷ്ടമായല്ലോ എന്ന ചിന്തയാണ് മീനാക്ഷിയെ വേദനിപ്പിച്ചത്. ഡോക്ടർ ഗോപീകൃഷ്ണൻ തന്റെ പദ്ധതി പെട്ടെന്ന് മാറ്റുന്നു. ലളിതാമഹാദേവിക്കൊപ്പം മീനാ ക്ഷിയും കോൺക്രീറ്റ് മിക്സിങ് തള്ളിയിടാൻ അയാൾ തീരുമാനിച്ചു. രാഹുൽ മീ നാക്ഷിക്ക് ഡയറിയിലൂടെ നൽകിയ സ്റ്റീൽ മാലയുടെ ലോക്കറ്റിനുള്ളിലെ മൈ ക്രോസ്കോപ്പ് ക്യാമറയിൽ ഗോപീകൃഷ്ണന്റെ മുഖം തെളിഞ്ഞിരുന്നു. കേരള പോലീസിന്റെ എല്ലാ വാട്സ്ആപ്പ് നമ്പറിലേക്കും അയക്കപ്പെട്ടു. ആ വാട്സ്ആപ്പ് ന മ്പർ രാഹുൽ ശിവശങ്കരന്റേതായിരുന്നു. അതിനിടെ സതേണിന്റെ ബയോണിക് ഫ്ളയിങ് ഫോക്സുകൾ എത്തി. അവ ചിറകടിച്ചുവന്ന് ഗോപീകൃഷ്ണനെ മാറി മാ റി കുത്തി. ഈ സമയം അയാളുടെ കയ്യിൽ നിന്ന് പിസ്റ്റനും നഷ്ടമായി. ബയോണി ക് ഫ്ളയിങ് ഫോക്സുകൾ എത്തിയത് മുതൽ മീനാക്ഷിയുടെ ലോക്കറ്റിനുള്ളിലെ

മൈക്രോ ക്യാം ദൃശ്യങ്ങൾ പോലീസിനു നൽകുന്നത് നിർത്തി. ഇതേ സമയം ലളിതാ മഹാദേവി തന്റെ പ്രിയതമനെ ട്രക്കിലേക്കും മരണത്തിലേക്കും തള്ളിയിട്ടു. വലിയൊരു ചതി അങ്ങനെ അന്ത്യത്തിൽ എത്തി. ജീവിതത്തിലെ പുത്തൻ പ്രതീക്ഷകളോടെ മീനാക്ഷി ന്യൂറോ ഏരിയയിലേക്ക് കടക്കുന്നതോടെ നോവൽ ശുഭാന്ത്യത്തിൽ എത്തുന്നു.

## 2.3 ഭാഷ

മൃത്യുഞ്ജയ മന്ത്രത്തെ അനുസ്മരിച്ചു കൊണ്ടാണ് നോവലിസ്റ്റ് ശിവൻ എടമന നോവലിന് ആരംഭം കുറിക്കുന്നത്. നോവൽ കഥാപരിസരത്തിന്റെ തുടക്കം തന്നെ ഉദ്യോഗം നിറഞ്ഞ ഭാഷ ഉൾപ്പെടുത്താൻ 'ന്യൂറോ ഏരിയ' എന്ന നോവലിന് സാധിച്ചിട്ടുണ്ട്. നോവലിന്റെ അന്ത്യം വരെ അത് തുടരാൻ നോവലിസ്റ്റ് ശ്രമിച്ചിരിക്കുന്നു. കുറ്റാന്വേഷകനെക്കാൾ വൈദഗ്ദ്ധ്യം ഒരുപക്ഷേ കുറ്റവാളിയെ തെളിയിക്കുന്നതിൽ വായനക്കാരനുണ്ടാകാം.നോവലിന്റെ പകുതി ഭാഗത്ത് തന്നെ വായനക്കാരൻ കുറ്റവാളിയെ കണക്കാക്കുകയും ചിലവേള കണക്കു കൂട്ടലുകൾ ശരിയായി വരികയും ചെയ്യാം. എഴുത്തുകാരന്റെ പരാജയമാണ് ഇവിടെ വ്യക്തമാകുന്നത്.'ന്യൂറോ ഏരിയ' ആ ഒരു സാഹചര്യത്തെ അതിജീവിക്കുന്നതായി കാണാം.അനുനിമിഷം ഉദ്വേഗംവർദ്ധിപ്പിക്കുന്ന ഭാഷയും ആഖ്യാനത്തിലെ സവിശേഷതകളും ആണ്'ന്യൂറോ ഏരിയ'യെ മറ്റു കുറ്റാന്വേഷണനോവലുകളിൽനിന്ന് വ്യത്യസ്തമാക്കുന്നത്.

'ന്യൂറോ ഏരിയ'എന്ന ശീർഷകം തന്നെ നോവലിലുള്ള വൈദ്യശാസ്ത്രരംഗത്തിന്റെ പ്രാധാന്യത്തെ കുറിക്കുന്നതാണ്. നോവലിന്റെ ആദ്യത്തിൽ തന്നെ ലോകപ്രശസ്തനായ ഒരു വ്യക്തിക്കു സംഭവിച്ച വാഹനാപകടത്തിന്റെ ഭീകരദൃശ്യവും അദ്ദേഹം രക്തത്തിൽ കുളിച്ചു കിടക്കുന്ന ദൃശ്യവും വിവരിച്ചതിനാൽ ഭീകരതയുടെ തോത് കൂട്ടാൻ സാധിച്ചിട്ടുണ്ട്. കുറ്റാന്വേഷണത്തിന്റെ വിരസത കുറക്കാൻ വേണ്ടി രാഹുലിന്റെയും മീനാക്ഷിയുടെയും നിശബ്ദ പ്രണയവും ബാല്യത്തിൽ അമ്മയുടെയും ജേഷ്ഠത്തിയുടെയും മരണശേഷം രാഹുൽനേരിട്ട ഒറ്റപ്പെടലും രേഖപ്പെടുത്തിയിരിക്കുന്നു.

തന്റെ ഏറ്റവും പ്രിയപ്പെട്ട മാതാപിതാക്കളോട് സംസാരിക്കുമ്പോൾ മീനാക്ഷി നാട്യങ്ങൾ ഏതുമില്ലാത്ത കൊച്ചു കുട്ടിയായി വീണ്ടും പരിണമിക്കപ്പെടുന്നതു കാണാം. അവളുടെ ഭാഷയിൽ, അവരോട് സംസാരിക്കുന്ന വേളയിൽ മാത്രം കണ്ണൂരിന്റെ തനതു ഭാഷ ശൈലി കടന്നുവരുന്നു. മലയാളികൾ ഭൂരിഭാഗത്തിനും അത്രക

ണ്ട് പരിചിതമല്ലാത്ത 'ബയോണിക് ഫ്ലൈയിങ് ഫോക്സ്' മുതലായ സാങ്കേതിക വാക്കുകളും, വൈദ്യശാസ്ത്ര രംഗത്തെ വാക്കുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഫ്രഞ്ച് ഗണിതജ്ഞനും തത്വചിന്തകനുമായ റെനേ ദക്കാർത്തയുടെ വിവരങ്ങൾ കൂടി ഉൾക്കൊള്ളിച്ചിരിക്കുന്നതിനാൽ  നോവലിൽ പ്രയോഗിച്ചിരിക്കുന്ന ഭാഷ അതിന്റെ ആഖ്യാനത്തോടും പ്രമേയത്തോടും ഏറെ യോജിക്കപ്പെട്ടിരിക്കുന്നു എന്ന് പറയാം.

## 2.4 ആഖ്യാന സവിശേഷതകൾ

നോവലിൽ ഉടനീളം നിറഞ്ഞു നിൽക്കുന്ന കഥാപാത്രമാണ് ഡോക്ടർ മീനാക്ഷി. നോവലിന്റെ പ്രധാന ആഖ്യാതാവായി വരുന്നത് സതേൺ ഹെൽത്ത് കെയർ സെന്ററിലെ ജൂനിയർ ഡോക്ടറായ മീനാക്ഷിയാണ്. കേരളത്തിലെ കുപ്രസിദ്ധമായ കൂത്തുപറമ്പ് വെടിവെപ്പിൽ പരിക്കേറ്റ്,  ജീവിക്കുന്ന രക്തസാക്ഷിയായി ചലനമറ്റു കിടക്കുന്ന സഖാവ് ദിനകരന്റെയും കമലയുടെയും ഏകമകളാണ് മീനാക്ഷി. അച്ഛനെ എഴുന്നേൽപ്പിച്ച് നടത്താൻ  മകൾ ഡോക്ടർ ആവണമെന്ന നിശ്ചയദാർഢ്യം മീനാക്ഷിയുടെ അമ്മ കമലയ്ക്ക് ഉണ്ടായിരുന്നു. മെഡിക്കൽ പ്രവേശന പരീക്ഷയിൽ രണ്ടാമതും റാങ്ക് വളരെ താഴ്ന്നു പോയപ്പോൾ നിരാശയായ മീനാക്ഷി തനിക്ക് തുണിക്കടയിൽ ജോലി അന്വേഷിക്കാൻഅമ്മയോട് പറഞ്ഞു. ഹൃദയം തകർന്നുകൊണ്ടുള്ള പറച്ചിലിൽ കേട്ടിട്ടാണ് മീനാക്ഷിയെ റഷ്യയിലെ 'നബക്കോബ് മെഡിക്കൽ യൂണിവേഴ്സിറ്റി'യിൽ ചേർക്കാൻ കമല തയ്യാറായത്. തന്റെ മകൾക്ക് വേണ്ടിയാ അമ്മ രാപ്പകൽ അധ്വാനിച്ചു. മീനാക്ഷിയും ഏറെ കഠിനാധ്വാനിയായി തീർന്നതായി നോവലിൽ ചിത്രീകരിക്കപ്പെടുന്നു. ആത്മാർത്ഥതയോടെ പഠിച്ച മീനാക്ഷി, ഒഴിവു വേളകളിൽ പല ജോലികളും ചെയ്തു. അതിൽ പ്രൊഫസർമാരുടെ കുഞ്ഞുങ്ങളെ പരിചരിക്കുന്നതു മുതൽ റസ്റ്റോറന്റുകളിലെ  വൃത്തിയാക്കൽ വരെ ഉൾപ്പെട്ടിരുന്നു. മെഡിസിൻ പൂർത്തിയാക്കി ഇന്ത്യയിൽ പ്രാക്ടീസിനുള്ള ഫോറിൻ മെഡിസിൻ ഗ്രാജുവേറ്റ് എക്സാമിനേഷൻ പാസായി ജോലിയിൽ പ്രവേശിച്ച ഡോക്ടർ മീനാക്ഷിക്ക്  നേരിടേണ്ടിവന്ന  ബുദ്ധിമുട്ടുകൾ വളരെ വലുതായിരുന്നു .വിദേശത്ത് നിന്നെടുത്ത എംബിബിഎസ് ഡിഗ്രിക്ക് യാതൊരുവിധ വിലയും ലഭിച്ചിരുന്നില്ല. എല്ലാ വശത്തു നിന്നും പരിഹാസങ്ങൾ മാത്രമായിരുന്നു മീനാക്ഷിക്ക് നേരെ. മരമണ്ടി എന്ന് ഡോക്ടർ ഡേവിഡ് ലൂക്ക പോലും ഒരുവേള മീനാക്ഷിയെ വിളിക്കുന്നുണ്ട്. തന്റെ അച്ഛനും അമ്മയ്ക്കും സന്തോഷമായ ഒരു ജീവിതം പ്രദാനം ചെയ്യണമെന്ന ആഗ്രഹമാണ് മീനാക്ഷിയെ മുന്നോട്ട് നയിക്കുന്നത്. അപരിചിതമായി കണ്ട, ജൂനിയർ ഡോക്ടർമാരെ ആവശ്യമുണ്ട് എന്നുള്ള ഒരു പത്രവാർത്തയാണ് മീനാ

ക്ഷിയെ സതേൺ ഹെൽത്ത് കെയർ സെന്ററിൽ എത്തിച്ചത്. കേവലം മുപ്പത്തിയയ്യായിരം രൂപ മാസശമ്പളമുള്ള മീനാക്ഷി അതിൽ മുപ്പതിനായിരത്തോളം രൂപ ലോൺ അടയ്ക്കാൻ വേണ്ടി മാത്രം ചെലവഴിച്ചിരുന്നു. തന്റെ ജീവിതസാഹചര്യങ്ങളോട് പൊരുതുന്ന, കുടുംബത്തോട് ചേർന്ന് നിൽക്കുന്ന, കഷ്ടപ്പെടാൻ മനസ്സുള്ള ഊർജ്ജസ്വലയായ ഒരു പെൺകുട്ടിയെയാണ് നോവലിൽ പ്രധാന ആഖ്യാതാവായി തിരഞ്ഞെടുത്തിരിക്കുന്നത്.

ആഖ്യാനത്തിൽ മറ്റൊരു സവിശേഷത നോവലിന്റെ ഇടയിൽ കടന്നുവരുന്ന അജ്ഞാത കർത്തൃതമായ ഡയറിക്കുറിപ്പുകൾ ആണ്. അതാരുടെ എന്ന ചിന്ത പല തവണ വായനക്കാരനിൽ ജനിപ്പിക്കാൻ പ്രാപ്തി ഉണ്ടതിനു. ഡയറി എഴുതിയ വ്യക്തിയുടെ അഥവാ ഡോക്ടർ രാഹുൽ ശിവശങ്കറിന്റെ ബാല്യവും കണക്കിനോടുള്ള താല്പര്യവും സതേൺ ഹെൽത്ത് കെയറിന്റെ സുരക്ഷ നടപടികളും തന്റെ പ്രണയവും എല്ലാം രാഹുൽ ഡയറിയിൽ കുറിച്ചു വച്ചിരുന്നു.ന്യൂറോ ഏരിയ എന്നറിയപ്പെടുന്ന ആ ഹോസ്പിറ്റലിന്റെ ഒരിടത്ത് എത്തുന്ന മീനാക്ഷിയുടെ പക്കൽ ആ ഡയറി എത്തുന്നതിലൂടെയാണ് നോവലിലെ രഹസ്യങ്ങൾ കൂടുതൽ ചുരുളഴിയുന്നത്. ന്യൂറോ ഏരിയയിൽ ഒരു തടിയമാരയിൽ പ്രത്യേക പാസ് വേർഡ് ഉപയോഗിച്ച് ലോക്ക് ചെയ്ത് നിലയിലായിരുന്നു ആ ഡയറിയും മറ്റു രേഖകളും ഉണ്ടായിരുന്നത്. ഒരു വേള മീനാക്ഷിയുടെ ജീവൻ രക്ഷിക്കാൻ കാരണമായ, മാല രാഹുൽ സൂക്ഷിച്ചിരുന്നത് ആ ഡയറി താളുകളിൽ ആയിരുന്നു.

ആഖ്യാനത്തിനായി പ്രയോഗിച്ചിരിക്കുന്നതിൽ, ബൃഹത്തായ ആശയങ്ങൾ സതേൺ ഹെൽത്ത് കെയർ സെന്ററും ന്യൂറോ ഏരിയയും തന്നെയാണ്. ഇവയുടെ പരിസരങ്ങളാലും അവയിലെ നിഗൂഢതകളാലും ആണ് 'ന്യൂറോ ഏരിയ' എന്ന നോവലിന്റെ മികവു കൂട്ടുന്നത്. ലോകോത്തര നിലവാരം പുലർത്തുന്ന സതേൺ ഹെൽത്ത് സെന്റർ ഒരത്ഭുത ലോകം കണക്കിന് നിലനിൽക്കുന്ന ഹോസ്പിറ്റൽ ആണ്. പരമാവധി സ്റ്റാഫിന്റെ എണ്ണം കുറയ്ക്കുക എന്നതാണ് പ്രസ്തുത ഹോസ്പിറ്റലിന്റെ നയം. അതിന് അവരെ സഹായിക്കുന്നത് റോബോട്ടുകൾ ആണ്. ഹോസ്പിറ്റലിന്റെ മേൽക്കൂരയിൽ പാകിയ സോളാർ പാനലുകളിൽ നിന്നാണ് റോബോട്ടുകൾക്കു വേണ്ട ഊർജ്ജം സംഭരിക്കുന്നത്. സതേണിൽ അഡ്മിറ്റ് ആകുന്ന അറുപതു ശതമാനത്തോളം രോഗികൾക്കും മരുന്നെടുത്തു നൽകുന്നതും അവരെ വൃത്തിയാക്കുന്നതും എല്ലാം റോബോട്ടുകൾ ആണ്. അത്യാഹിത വിഭാഗത്തിലുള്ള നാൽപതു ശതമാനം രോഗികൾക്ക് പൂർണ്ണമായും ഡോക്ടർമാരാണ് പരിചരണം നൽകുക. നിലത്ത് വരച്ച രണ്ട് മഞ്ഞ വരകളിലൂടെ ഒഴുകി നീങ്ങുന്ന റോബോട്ടുകൾ തികച്ചും അത്ഭുതം തന്നെയാണ്. ആദ്യമായി സതേൺ ഹെൽത്ത് കെയർ ഹോസ്പിറ്റ

ലിലേക്ക് വരുന്ന രോഗികളെ സ്വീകരിക്കുന്നത് 'മൃത്യുഞ്ജയ' എന്ന ചാറ്റ് ബോട്ട് ആണ്. ഹോസ്പിറ്റലിനെ കുറിച്ചും ഡോക്ടർമാരെ കുറിച്ചും പലവിധ രോഗങ്ങളെ കുറിച്ചും എന്ത് വിവരം ആരാഞ്ഞാലും അവക്കെല്ലാം മലയാളത്തിൽ തന്നെ മൃത്യുഞ്ജയ മറുപടി നൽകും. രാത്രിയിൽ ഉണ്ടാവുന്ന വാഹനാപകടങ്ങൾ തടയാൻ വവ്വാലുകളുടെ രൂപത്തിൽ നിർമ്മിതമായ 'ബയോണിക് ഫ്ളയിങ് ഫോക്സ്' എന്നറിയപ്പെടുന്ന റോബോട്ടിക് വവ്വാലുകൾ സതേണിൽ നിന്ന് പറന്നുപോകുന്ന അവയുടെ മുഖം 360 ഡിഗ്രി തിരിക്കാവുന്ന ഒരു 'ഹൈ ഡെഫിനിഷൻ ക്യാമറയാണ്'. കൊച്ചിയിലും പരിസരപ്രദേശങ്ങളിലും നടക്കുന്ന വാഹനാപകടങ്ങളിൽ അടിയന്തര രക്ഷാനടപടികൾ സ്വീകരിക്കാനും അതുമൂലം ഉണ്ടാകുന്ന മരണനിരക്ക് ഒരു പരിധി വരെ കുറക്കാനും ഈ സംവിധാനം മൂലം സാധിച്ചിട്ടുണ്ടെന്ന് നാക്ക് പാക്കിന്റെ പഠനത്തിൽ കണ്ടെത്തിയിരുന്നു എന്ന നോവലിൽ രേഖപ്പെടുത്തുന്നു (ശിവൻ എടമന, ന്യൂറോഏരിയ,2022,23). ഹോസ്പിറ്റലിലെ ഡയറക്ടർ ബോർഡ് മെമ്പർമാർക്ക് പോലും അജ്ഞാതമാണ് ന്യൂറോ ഏരിയ എന്നറിയപെടുന്ന ഇടം. അതിന്റെ സുരക്ഷയ്ക്കായി വിവരങ്ങൾ സ്വകാര്യമായി രേഖപ്പെടുത്തേണ്ടതാണ് എന്ന രാഹുലിന്റെ വിശ്വാസമാണ് ന്യൂ ഏരിയയുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന അജ്ഞതയ്ക്ക് മൂലകാരണം. 'ബയോമെട്രിക് സിസ്റ്റം' ഉപയോഗിച്ച് അവിടേക്കുള്ള പ്രവേശനം മൂന്നുപേർക്ക് മാത്രമായി ചുരുക്കിയിരുന്നു. ഡോക്ടർ രാഹുൽ ശിവശങ്കർ, ഡോക്ടർ ഡേവിഡ് ലുക്ക, സിസ്റ്റർ താര എന്നിവരാണ് അവർ. അവരെല്ലാതെ ആരെങ്കിലും ന്യൂറോ ഏരിയയിലേക്ക് പ്രവേശിച്ചാൽ ഒരു മണിക്കൂറിനുള്ളിൽ ഹോസ്പിറ്റലിൽ മുഴുവൻ പവർ സപ്ലൈയും നഷ്ടപ്പെടും. ഒരിക്കലും ഹാക്ക് ചെയ്യാൻ ആവാത്തത്ര സുരക്ഷാ സംവിധാനങ്ങളാണ് രാഹുൽ ന്യൂറോ ഏരിയയിൽ ഉൾപ്പെടുത്തിയത്. സാങ്കേതികമായി സൂക്ഷിക്കുന്ന വിവരങ്ങൾ എന്നെങ്കിലും നഷ്ടപ്പെടാൻ സാധ്യതയുണ്ടെന്ന തിരിച്ചറിവ് ആയിരിക്കാം ഒരുപക്ഷേ വിവരങ്ങൾ തടിയലമാരയിൽ വെച്ചു സുരക്ഷിതമാക്കാൻ രാഹുൽ ശ്രമിക്കാൻ കാരണം. ന്യൂറോ ഏരിയയിലേക്ക് കടക്കുന്ന മീനാക്ഷി കാണുന്ന കാഴ്ചകൾ നോവലിന്റെ ഒരു ഭാഗത്ത് രേഖപ്പെടുത്തുന്നുണ്ട്. ന്യൂറോ ഏരിയയിലേക്ക് കടക്കവേ ആദ്യം അദൃശ്യ രശ്മികൾ മീനാക്ഷിയെ സ്കാൻ ചെയ്തു. കടക്കാനുള്ള അനുമതി നേടിയ അവൾ വിറക്കുന്ന ചുവടുകളോടെയാണ് 'ഫെയ്സ് ഡിറ്റക്ഷൻ ഡിവൈസി'നു മുന്നിലേക്ക് ചെന്നത്. മുഴുവൻ ദേഹ പരിശോധന നടത്തിയ ശേഷമാണ് മീനാക്ഷിക്ക് ന്യൂ ഏരിയക്ക് അകത്തേക്ക് പ്രവേശിക്കാനുള്ള അനുമതി ലഭിച്ചത്. അവൾക്ക് ഒരിക്കലും മനസ്സിലാക്കാൻ കഴിയാത്ത ആയിരക്കണക്കിന് ഇലക്ട്രിക്കൽ വയറുകളുടെ നടുവിൽ ആയിരുന്നു ന്യൂറോ ഏരിയയിൽ രാഹുൽ ശിവശങ്കർ. 'മൃത്യുഞ്ജയ' കൃത്യ സമയങ്ങളിൽ നൽകുന്ന രാ

ഹുലിന്റെ ആരോഗ്യപരമായ കാര്യങ്ങൾ രേഖപ്പെടുത്തിയ ചാർട്ട് പുറത്തെത്തിക്കുക എന്ന ദൗത്യം മാത്രമായിരുന്നു ന്യൂ ഏരിയയിൽ മീനാക്ഷിക്ക് ഉണ്ടായിരുന്നത്.

ഇപ്രകാരം കുറ്റാന്വേഷണ സാഹിത്യത്തിന്റെ ചേരുവകകൾ സമഞ്ജസമായി സമ്മേളിപ്പിച്ചുകൊണ്ട് നോവലിന്റെ വിസ്തൃതമായ ക്യാൻവാസിൽ അവതരിപ്പിക്കുന്ന ഒരു മെഡിക്കൽ ത്രില്ലർ എന്ന നിലയിൽ 'ന്യൂറോ ഏരിയ' മികച്ചുനിൽക്കുന്നു.

## കുറിപ്പുകൾ

1.ദമിത്രി ഇറ്റ്സ് കോവ്/ **2045** inta iative- https://en-m-wikipedia-org.translategoogle/wiki/2045initative.....

**2.**സജി കരിങ്ങോല(എഡി.) സൈബർ ഇടവും മലയാള ഭാവനയും, ആത്മാ ബുക്സ്, കോഴിക്കോട്,2020

# ഉപസംഹാരം

## ഉപസംഹാരം

അടുത്തത് എന്തെന്നറിയാനുള്ള മനുഷ്യന്റെ ആഗ്രഹത്തെ ചൂഷണം ചെയ്യും വിധമാണ് ഓരോ കുറ്റാന്വേഷണ നോവലുകളും പിറവി കൊള്ളുന്നത്. എല്ലാ വിവരങ്ങളും ഒപ്പം വിനോദോപാധികളും വിരൽത്തുമ്പിൽ എത്തുന്ന ഇക്കാലത്ത് കുറ്റാന്വേഷണ നോവലിന് ജനപ്രിയത നേടുവാൻ സങ്കീർണത നിറഞ്ഞ പാതകളിലൂടെസഞ്ചരിക്കേണ്ടതായി വരുന്നു.മലയാളികൾക്ക് ഇതുവരെ കണ്ടുപരിചിതമല്ലാത്ത ഒരു അന്തരീക്ഷത്തെ തിരഞ്ഞെടുത്തു കൊണ്ടാണ് 'ന്യൂറോ ഏരിയ' എന്ന കുറ്റാന്വേഷണ നോവൽ വളർച്ച പ്രാപിക്കുന്നത്.

റോബോർട്ടുകൾ ഉൾപ്പെടെ അത്യാധുനിക സൗകര്യങ്ങൾ പലതുമുള്ള സതേൺ ഹെൽത്ത് കെയർ സെന്റർ ഹോസ്പിറ്റലിനെയും ഒപ്പം അതിന്റെ മുകൾഭാഗത്ത് സ്ഥിതി ചെയ്യുന്ന ന്യൂറോ ഏരിയ എന്ന മായിക ലോകത്തെ സൃഷ്ടിച്ചുകൊണ്ട്, അതിന്റെ കെട്ടുറപ്പിൽ കുറ്റാന്വേഷണം നടത്തുകയാണ് നോവലിസ്റ്റ് ശിവൻ എടമന ' ന്യൂറോ ഏരിയ'യിൽ. ശീർഷകം പോലും നോവലിൽ വൈദ്യശാസ്ത്ര രംഗത്തിനുള്ള പ്രാധാന്യത്തെ കുറിക്കുന്ന തരത്തിലാണ് നോവലിസ്റ്റ് ക്രമീകരിച്ചിരിക്കുന്നത്. കഥാഗതി മുഴുവൻ കേന്ദ്രീകരിക്കുന്നത് ന്യൂറോ ഏരിയയിൽ ആണെന്നുള്ളതു കൊണ്ടും പ്രസ്തുത ശീർഷകം നോവലിനു വളരെയധികം യോജിക്കുന്നു. കുറ്റവാളി ആരെന്ന ചെറു സൂചന പോലും നൽകാതെവികാസം പ്രാപിക്കുന്ന നോവൽ, അന്ത്യത്തിൽ കണക്കുകൂട്ടലുകളെയെല്ലാം തകിടം മറക്കത്തക്ക രീതിയിൽ തീരെ പ്രതീക്ഷിക്കാത്ത ഒരു കുറ്റവാളിയെയാണ് വെളിപ്പെടുത്തുന്നത്. കുറ്റാന്വേഷകരായി ഒന്നിലധികം വ്യക്തികളെ ഉൾക്കൊള്ളിക്കുക എന്ന ആശയം തന്നെ ഏറെ പുതുമ നിറഞ്ഞതായിരുന്നു. കൂടാതെ കഥാഗതിയെ മുഴുവൻ എന്ന കണക്കെ നിയന്ത്രിക്കുന്ന രാഹുൽ ശിവശങ്കർ എന്ന കഥാപാത്രത്തിന് നോവലിന്റെ ആരംഭത്തിൽ മാത്രമേ നേരിട്ട് ഇടപെടാനുള്ള അവസരം ലഭിക്കുന്നുള്ളു. തന്റെ കണ്ടുപിടിത്തങ്ങളെ കൈക്കലാക്കാൻ ശ്രമിക്കുന്നത് ലളിതാമഹാദേവി ആണെന്നായിരുന്നു രാഹുൽ വിശ്വസിച്ചിരുന്നത്. പ്രതിനായകൻ ഗോപീകൃഷ്ണന്റെ നാമം പോലും രാഹുലിന്റെ സംശയത്തിൽ ഉണ്ടായിരുന്നില്ല.

തന്റെ മാനസിക തലങ്ങൾ സതേൺ ഹോസ്പിറ്റലിലെ ടെക്നോളജികളുമായി ബന്ധപ്പെടുത്തിയ രാഹുൽ ആ രൂപങ്ങളിലാണ് നോവലിൽ നിലനിൽക്കുന്ന

ത്. ഉറങ്ങുന്ന ലളിതാ മഹാദേവിയുടെ മേൽ സൂചനയെന്നോണം ഒരു റോബോട്ട് ഇൻസുലിൻ കുത്തിവയ്ക്കുന്നുണ്ട്. ഡാനിയൽ മീനാക്ഷിയുടെ നഗ്നചിത്രം പകർത്തി എന്നറിയുമ്പോഴും ഒരു റോബോട്ട് എത്തി അയാളുടെ കൈ തിരിച്ചൊടിക്കുന്നു. തന്റെ പ്രിയപ്പെട്ടവളായ മീനാക്ഷി ന്യൂറോ ഏരിയയിൽ ആദ്യമായി കയറിയപ്പോൾ ഭയപ്പെട്ടു എന്ന് മനസ്സിലാക്കിയ രാഹുൽ അവളുടെ സമാധാനത്തിനായി ടോം ആൻഡ് ജെറി വെച്ചുകൊടുക്കുന്നതു കാണാം. പ്രധാന കഥാപാത്രത്തെ പ്രത്യക്ഷത്തിൽ അല്ലാതെ നോവലിൽ നിറഞ്ഞ നിർത്താൻ കഴിഞ്ഞു എന്നതും നോവലിന്റെ വലിയൊരു സവിശേഷതയയായി പരിഗണികാവുന്നതാണ്.കൊടും കുറ്റവാളിയായ ഡോക്ടർ ഗോപികൃഷ്ണനു ഒരിക്കലും സംശയിക്കാതിരിക്കത്തക്ക വിധം സ്വാതിക ഭാവം നൽകിയതും നോവലിസ്റ്റിന്റെ ഏറെ മികച്ച ഒരു നിലപാടായി കണക്കാക്കാം. കഥാമൂർദ്ധന്യത്തിൽ എത്തും മുമ്പ് കേവലം നോവലിന്റെ ഒരു സന്ദർഭത്തിൽ മാത്രമേ ഡോക്ടർ ഗോപികൃഷ്ണൻ കടന്നുവരുന്നുള്ളൂ. മീനാക്ഷി കൗൺസിലിംഗ് ചെയ്യാനാണ് അദ്ദേഹം എത്തുന്നത്. ആകർഷണീയമായി സംസാരിക്കുന്ന ഗോപീകൃഷ്ണനോട് ആ സന്ദർഭത്തിൽ വായനക്കാർക്കും മീനാക്ഷിക്കും മമത തോന്നും.

വിവരവിനിമയസാങ്കേതികവിദ്യ ഏറെ വളർച്ച പ്രാപിച്ച കാലത്ത് ചെയ്യപ്പെടുന്ന കുറ്റകൃത്യങ്ങൾക്കും അവയുടെ സഹായം യഥേഷ്ടം ലഭ്യമാണ്. അതിന്റെ കെട്ടുറപ്പോടുകൂടി നിർവ്വഹിക്കപ്പെടുന്ന കുറ്റകൃത്യങ്ങൾ തെളിയിക്കുക എന്നത് ഏറെ ശ്രമകരവും ആണ്. 'ന്യൂറോ ഏരിയ'യെ സംബന്ധിച്ച് നോക്കിയാൽ വൈദ്യശാസ്ത്ര രംഗത്തെ നൂതന പരീക്ഷണങ്ങളും ലോകോത്തര നിലവാരവും പുലർത്തുന്ന സതേൺ ഹോസ്പിറ്റലിലുമായി ബന്ധപ്പെട്ട കൊണ്ടാണ് കുറ്റകൃത്യങ്ങൾ അരങ്ങേറുന്നത്. വിദ്യാസമ്പന്നരും ലോകപ്രശസ്തരുമായ ഡോക്ടർമാർക്കിടയിലാണ് കുറ്റവാളി ഒളിഞ്ഞിരിക്കുന്നതെന്ന ചെറുസൂചന പോലും നോവലിസ്റ്റ് നൽകുന്നില്ല.നിമിഷം ഉദ്വേഗം ജനിപ്പിക്കുന്ന ഭാഷയും ന്യൂറോ ഏരിയ എന്ന മെഡിക്കൽ രംഗത്തെ നൂതന പരീക്ഷണത്തിൽ ഊന്നിയ ആഖ്യാനവും നോവലിന്റെ സവിശേഷതകളിൽ ഏറെ പ്രധാനപ്പെട്ടതാണ്. കുറ്റവാളിയെ ബോധ്യപ്പെടുത്തുന്നതിൽ വലിയൊരു പങ്കുവഹിക്കുന്നത് വ്യക്തിയല്ല മറിച്ച് രാഹുലിന്റെ ഡയറികുറിപ്പുകളാണ്. കൊലപാതകങ്ങളുടെ ചുരുളഴിക്കുന്ന കമ്മീഷണർ നയനയും തന്നെ ചതിച്ചത് ആരെന്ന് കണ്ടെത്താൻ ശ്രമിക്കുന്ന ലളിതാ മഹാദേവിയും ഒപ്പം ആഖ്യാതാവു മീനാക്ഷിയും ഈ കുറ്റാന്വേഷണ നോവലിന്റെ അഭിവാജ്യഘടകങ്ങളാണ് എന്ന് പറയാം. കഥാമൂഢന്യത്തിൽ എത്തുന്ന വേളയിലാണ് എന്തിനാണ് കുറ്റകൃത്യങ്ങൾ ചെയ്തതിനുള്ളകാരണം വ്യക്തമാക്കുന്നത്.അമരത്വം നേടാനുള്ള നൂതന

സാങ്കേതികവിദ്യ കൈക്കലാക്കാനും അത് നേടിത്തരുന്ന പേരിനും പ്രശസ്തിക്കും പണത്തിനും വേണ്ടിയാണ് ഇത്ര ഹീനമായ പ്രവർത്തികൾ ഗോപികൃഷ്ണന്റെ ഭാഗ ത്തുനിന്ന് ഉണ്ടായത്.

പലതരം കുറ്റകൃത്യങ്ങൾ 'ന്യൂറോ ഏരിയ'യിൽ പ്രകടമാണ്. അന്വേഷണ ഉദ്യോഗസ്ഥ കമ്മീഷ്ണർ നയന വളരെ വിദഗ്ദ്ധമായി അവ തെളിയിക്കാൻ ശ്രമിക്കു ന്നു. ഡോക്ടർ ഡേവിഡ് ലൂക്കയെന്ന് സ്വയം പരിചയപ്പെടുത്തിയ വ്യക്തി കാലിൽ ചെളി പുരളാതെയിരിക്കാൻ ധരിച്ച കവറിൽ നിന്നാണ് നയനയ്ക്ക് പ്രതിയാ രാണെന്ന സൂചന ലഭിക്കുന്നത്. രാഹുലിനെ വാഹനം ഇടിപ്പിച്ച ടാങ്കർ മാർട്ടിന്റെ ഏ ലൂരിലെ വീട്ടിൽ പരിശോധന നടത്തിയ നയന അയാൾക്ക് മനുഷ്യരുടെ മുഖം തിരി ച്ചറിയാനുള്ള കഴിവില്ലെന്ന് തിരിച്ചറിയുന്നുണ്ട്. ഗഹനമായ കുറ്റാന്വേഷണ നടപടിക ളിലൂടെയാണ് നയന, രാഹുലിന്റെ വാഹനാപകടത്തിന് പിന്നിൽ ഡോക്ടർ ലൂക്ക അല്ലെന്നും തുടർന്ന് നടന്ന കൊലപാതകങ്ങൾക്ക് എല്ലാം കാരണക്കാരൻ ഒരാൾ ആണെന്നും മനസ്സിലാക്കുന്നത്. കുറ്റവാളിയെ മനസ്സിലാക്കുന്നതിനും ഇനിയും കൊലപാതകങ്ങൾ ആവർത്തിക്കാതെയിരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചതും ന്യൂറോ ഏരിയയിൽ അബോധാവസ്ഥയിൽ കിടക്കുന്ന രാഹുലിന്റെ ദീർഘവീക്ഷണ മാണ്. ന്യൂറോ ഏരിയയിൽ നിന്നും രാഹുൽ സൂക്ഷിച്ച വിവരങ്ങൾ പുറത്തെത്തപ്പെട്ടു എന്ന് അറിഞ്ഞ ഗോപികൃഷ്ണൻ അത് സ്വന്തമാക്കാനാണ് വെളിച്ചത് വരുന്നത്. തെളിവ് നശിപ്പിക്കാനായി ഡോക്ടർ ലളിതമഹാദേവിയേയും ഡോക്ടർ മീനാക്ഷിയേയും വധിക്കാൻ തയ്യാറായ ഗോപികൃഷ്ണനെ പരാജയപ്പെടു ത്തുന്നതാകട്ടെ,ഡയറിയിലൂടെ രാഹുൽ മീനാക്ഷിക്ക് നൽകിയ മൈക്രോ ക്യാമറ ഘടിപ്പിച്ച ലോക്കറ്റുള്ള മാലയാണ്.

തന്നെ ചതിക്കുന്ന വ്യക്തി ആരെന്നു പ്രധാന കഥാപാത്രങ്ങളിൽ ഒരാളായ ലളിതാ മഹാദേവി നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെയാ ണ് തിരിച്ചറിയുന്നത്. ഈ തെളിവുകൾ കമ്മീഷണർ നയനയ്ക്ക് കൈമാറിയതും കുറ്റാന്വേഷണത്തിലെ വഴിത്തിരിവായി. ഗഹനമായ അന്വേഷണ തലങ്ങളിലൂടെ കുറ്റവാളിയെ കണ്ടെത്തിയെങ്കിലും അയാൾക്ക് വേണ്ട ശിക്ഷ നടപ്പിലാക്കിയത് നിയ മമല്ല മറിച്ച് ലളിതാ മഹാദേവിയായിരുന്നു. ഏതൊരു പ്രവർത്തനത്തിനും ഒരു പ്രതിപ്രവർത്തനം ഉണ്ടായിരിക്കും. ചെയ്ത വഞ്ചനകൾക്കും കുറ്റകൃത്യങ്ങൾക്കും പക രമായി പ്രതിനായകൻ,ഡോക്ടർ ഗോപികൃഷ്ണനു ലഭിക്കുന്നത് മരണമാണ്. അത് നടപ്പാക്കുന്നത് ആവട്ടെ നിയമമല്ല, മറിച്ച് അയാൾ വർഷങ്ങളായി ചതിച്ചു കൊണ്ടി രിക്കുന്ന ലളിതാമഹാദേവിയും. ഉത്തരാധുനികകാലത്തെ മറ്റു കുറ്റാന്വേഷണ

നോവലകളിൽ നിന്നും ആഖ്യാനത്തിലും പ്രമേയത്തിലും കുറ്റാന്വേഷണ രീതികൾക്കും വ്യത്യസ്തത പുലർത്താൻ 'ന്യൂറോ ഏരിയ'ക്ക് സാധിച്ചിരിക്കുന്നു.

വൈദ്യശാസ്ത്രരംഗത്തെയും വിവരവിനിമയ സാങ്കേതിക രംഗത്തെയും നൂതന പരീക്ഷണങ്ങളെ ഉൾക്കൊള്ളിച്ചിരിക്കുന്ന ന്യൂറോ ഏരിയ എന്ന നോവലിൽ കുറ്റാന്വേഷണവും ഒപ്പം ആഖ്യാനം, ഭാഷ തുടങ്ങിയവ എപ്രകാരമാണ് നിർവഹിക്കപ്പെട്ടിരിക്കുന്നത് എന്ന് മനസ്സിലാക്കാൻ പ്രബന്ധത്തിലൂടെ സാധിച്ചു. കുറ്റാന്വേഷണ സാഹചര്യത്തെക്കുറിച്ച് ഒരു അവലോകനം നടത്താനും പ്രബന്ധത്തിലൂടെ കഴിഞ്ഞു. സാധാരണയായി കാണുന്ന ദുരന്ത പ്രതികാരത്തിൽ നിന്നും ഉരുത്തിരിയുന്ന കുറ്റകൃത്യത്തിനും അതിന്റെ തുടർ അന്വേഷണത്തിൽ നിന്നെല്ലാം വിപരീതമായി ,ഭാവനയുടെ കെട്ടുറപ്പും അതിനെ പറഞ്ഞുവെക്കാനുള്ള മികവും ഒപ്പം പുതിയ കാലത്തോട് ചേർന്ന് നിൽക്കുന്ന ആഖ്യാനവും എല്ലാം 'ന്യൂറോഏരിയ' യെ മറ്റു കുറ്റാന്വേഷണ നോവലുകളിൽ നിന്നും വേറിട്ടു നിർത്തുന്നതാണ്.

# ഗ്രന്ഥസൂചി

## ഗ്രന്ഥസൂചി


തരകൻ  കെ. എം. *മലയാള നോവൽ സാഹിത്യ ചരിത്രം.* തൃശൂർ: കേരള സാഹിത്യ അക്കാദമി, 1978.

പരമേശ്വരൻപിള്ള എരുമേലി. *മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ.* കോട്ടയം: കറന്റ് ബുക്ക്സ്, 2021.

രാജശ്രീ ആർ. *അപസർപ്പക്കാഖ്യാനങ്ങൾ: ഭാവനയും രാഷ്ട്രീയവും.* പാലക്കാട്: ലോഗോസ് ബുക്ക്സ്, 2018.

രാധാകൃഷ്ണൻ പി എസ് (ലേഖകൻ), 'ഓർത്തെഴുത്തിന്റെ അപസർപ്പക തൃഷ്ണ കൾ'.ഭാഷാപോഷിണി, 2017 ജനുവരി.

ശിവൻ എടമന. *ന്യൂറോ ഏരിയ.* കോട്ടയം: ഡിസി ബുക്ക്സ്, 2022.

ഷാജി ജേക്കബ്. *ജനപ്രിയസംസ്കാരം: ചരിത്രവും സിദ്ധാന്തവും.* കോഴിക്കോട് മാതൃഭൂമി, 2009.

സജി കരിങ്ങോല. (എഡി.) *സൈബർ - ഇടവും മലയാള ഭാവനയും*, കോഴിക്കോട്: ആത്മാബുക്സ്, 2020.

ഹമീദ്. *അപസർപ്പക കഥകൾ ചരിത്ര വഴികളിലൂടെ.* തിരുവനന്തപുരം: ദി സ്റ്റേറ്റ് ഇ ൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഗ്വേജസ്, 2015.

ഹമീദ്, *അപസർപ്പക നോവലുകൾ മലയാളത്തിൽ.* തൃശൂർ: കേരള സാഹിത്യ അക്കാ ദമി, 2015.

**ഓൺലൈൻ റഫറൻസ്**


1. Z-an-{Xn- C-ävkv -tImhv/ 2045 inta iative- https://en-m-wikipedia-org.translategoogle/wiki/2045initative…..

2. A-]-kÀ-¸-I-I-Y-https:// ml.m.wikipedi.org/wiki/%E0%B4…….

3 http://thazhavathegreat.blogspot.com/ 2011/01/blog-post-21.html?m=1